Voting of Demands for Grants.

1—Land Revenue—Rs. 2,78,292.

Mr. K. Achyuta Menon:— Mr. President, Sir, I rise to move for an allotment of Rs. 2,78,292 under Land Revenue. I think, Sir, that in making the request I need make very few or even no observations. Our Budget has always been a modest budget and neither on the receipt side nor on the expenditure side does it exhibit any outstanding departures from its predecessors. The few departures made in the disbursement side are all referred to in the Finance Member's speech introducing the Budget and I don't think I should take up the time of the House by reiterating the same. I request the House will be pleased to sanction the allotment.

Motion No. 7.

Mr. E. Ikkanda Warriar:— *To reduce the allotment of Rs. 11,917 for Diwan Peishkar's Office Establishment by Re. 1. (Necessity of giving remission of tax to those whose crops were damaged by the unprecedented draught this year).*

Sir, we had an unprecedented draught this year and much of our Punja crops and particularly the kole crops have been damaged. We have a very large extent of kole lands and the Government gets a very large income from that. Kole cultivators in recent years have found it very difficult even to cultivate those lands. In fact, kole cultivation has become recently very uneconomic. The lands also have in recent years deteriorated and their yield decreased. Kole cultivation has ceased to be profitable and it was with great difficulty that the people, in spite of the serious distress that they find everywhere, managed to borrow money and raise a crop this year and on account of this draught the whole of their crops in many areas has been completely destroyed. I am told in answer to one of my questions that the Government also has conducted an enquiry into the matter and are in possession of actual figures as to the extent of the damage caused. The object of my motion is to request the Government to give a remission of the whole tax for this year. If it were in normal years I would not have come here and made this request to the Government. Even if it were in the case of ordinary good lands I might not have probably come before the Government and made this request. But in the special circumstances of the risks which are involved in the cultivation of paddy in kole area and Punja and the great loss that they have sustained in this period when they are otherwise affected very seriously I would request

LIBRARY ARCHIVES Kerala Legislative Assembly

the Government to consider and give a full remission of the tax at least in cases where they have ascertained. With these words I commend the motion to the acceptance of the House.

Mr. George Parakkal:— I beg to support the motion and in so doing I want to place before the House how the loss of crops has greatly affected my constituency. In Kanni last the western villages of my constituency have lost their complete crop and that is the only crop that they can raise in the year. There is only one crop in the western villages. In the eastern villages of Vellarappilly this year the summer crops have completely failed. If at all they reaped the harvest they reaped it for the benefit of the straw for feeding the cattle and this was brought about on account of the unprecedented draught and secondly it was due to the insufficiency of the irrigation works in those villages. There are two chief irrigation works there. The one is the Manapat Chira at Malayattur. This chira has to supply water to thousands of paras of paddy fields lying there and the containing capacity of this Chira is very small. If that chira can be raised by two or three feet I think even in an year of great draught there will be no scarcity of water in those parts. The second is the irrigation work at Kanjur. That work is conducted by pumping water from the river and directing the water into the fields. That irrigation work has to supply water to more than 3000 paras of paddy fields. Unfortunately the engineering mechanism of that irrigation work is so stupendous that it cannot supply water even to 12 paras of paddy fields The Government spent a lot of money on this irrigation work. But I am sorry to say on behalf of my constituency that no people want that irrigation work to be there. The Government can be saving Rs. 3000 every year. It is due to the wrong placing of that irrigation work that the people derive no benefit from it. It is placed at a low level and from there the water is pumped. But the irrigation canal goes upwards. Therefore, when the water is pumped into the channel the adjacent parambas are enundated but no water will get into the fields. What I says that if properly worked this irrigation work can supply water to my constituency. Therefore, I request the Diwan and the Chief Engineer to inspect the place and see whether alterations can be made.

My friend from Chittur says that the dry crops in Parambas in Chittur have completely failed this year and that remission should be extended to that kind of crops also.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— സാമ്പത്തികാധഃപതനംമൂലം ജനങ്ങൾ കഷ്ടപ്പെടുന്ന ഇക്കാലത്ത് കൃഷിദോഷം കൂടി വന്നു ബാധിച്ചു് ഒരു പ്രത്യേകബുദ്ധിമുട്ടും അവക്കുണ്ടായിതീർന്നിട്ടുണ്ടു്. അതു് അവരുടെ ഉദാ

LIBRARY ARCHIVES Kerala Legislative Assembly

സീനതകൊണ്ടു വരുന്നതാണെന്നുള്ള വിശ്വാസം എനിക്കില്ല. എന്നാൽ അധിപന്മാരുടെ ഉദാസീനതകൊണ്ടു വളരെ ദോഷം കൃഷിയുണ്ട്. മുകുന്ദപുരംതാലൂക്കിൽ കാരളം, പൊറത്തുശ്ശേരി, കാട്ടൂർ മുതലായ സ്ഥലങ്ങളിലെ കൃഷി വളരെ ഫലവത്തുള്ളവയാണ്. കരുവന്നൂരിൽ മലവെള്ളം ഒഴിഞ്ഞുപോകുവാൻ നദിയിലേക്കു ഒരു തോടുണ്ടാക്കിയതുമൂലം ഈ നിലങ്ങൾ രണ്ടുകൊല്ലം കഴിഞ്ഞാൽ തരിശായിപോകുവാനിടയുണ്ട്. അവിടത്തെ ജനങ്ങൾ നികുതി കൊടുക്കുകയുംവേണം. ഇതിന് ഒരു സർപ്ലസ് കെട്ടി നിറുത്തിയാൽ ഓരുവെള്ളം കവിഞ്ഞു പോകുവാനിടയുണ്ട്. അതുകൊണ്ടു കൃഷിയ്ക്കു ദോഷവുമില്ല. ആദ്യം വരുന്നവെള്ളം അടിയിൽനിന്നു വരുന്നതുകൊണ്ട് നിലത്തിലുള്ള വളമെല്ലാം ഒഴുകിപ്പോകുകയും തന്മൂലം അവിടെ ചൂൽപ്പുല്ലു മുളച്ചുണ്ടാകുകയും ചെയ്യുന്നു. ഇങ്ങിനെ ഒരു സർപ്ലസ് കെട്ടുന്നപക്ഷം കൂടുതൽ വെള്ളം മാത്രം കവിഞ്ഞു പോകുമെന്നും, കൊല്ലംതോറും കയറിവരുന്ന മലവെള്ളത്തിൽനിന്നും മലമണ്ണ് മുതലായതു നിലത്തിൽ വീണ് നിലം കൊല്ലംതോറും ഫലവത്തായിത്തീരുകയും ചെയ്യും. ഞാൻ ഇതു എന്റെ സ്വന്ത അനുഭവം വച്ചുകൊണ്ടു പറയുകയാണ്. അല്ലാതെ പൂനായിൽ പോയിട്ടോ, ശിമയിൽ പോയിട്ടോ അഗ്രികൾച്ചറിനെപ്പറ്റി പഠിച്ചുവന്നിട്ടു പറയുകയല്ല. തൃശ്ശൂരിന്റേയും, മുകുന്ദപുരംതാലൂക്കിന്റേയും അതൃത്തിയിൽ ഒരു പുഴയുണ്ട്. ആ പുഴ ഈ രണ്ടു താലൂക്കിലേക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. പുഞ്ചകൃഷി ആവശ്യത്തിലേക്കുള്ള വെള്ളം ശേഖരിക്കുന്നതിന്നു "കൊറേം കോട്ടവളവുചിറ" എന്നൊരു ചിറയും അവിടെ ഉണ്ട്. ആ പുഴയിൽ ശേഖരിക്കുന്ന വെള്ളം മുകുന്ദപുരം താലൂക്കിൽപെട്ട കാരളം, പൊറത്തിശ്ശേരി ഈ വില്ലേജുകളിലെ കൃഷിക്കും തൃശ്ശൂർ താലൂക്കിലെ കുറുമ്പിലാവ്, ഇഞ്ചമുടി, ചേറ്റുപ്പ്, ഊരകം, അരിയന്നൂർ ഈ വില്ലേജുകളിലെ കൃഷിക്കും ഒരുപോലെ ഉപയോഗിച്ചിരുന്നു. എന്നാൽ തൃശ്ശൂർ താലൂക്കിൽപ്പെട്ട വില്ലേജുകളിലേക്കു വെള്ളം കൊണ്ടുപോയിരുന്ന ചിറക്കൽതോട്ടിൽ കഴിഞ്ഞ 2—3 കൊല്ലമായി, കാരളം വില്ലേജിലെ കൃഷിക്കാരുടെ അപേക്ഷയനുസരിച്ച് ഒരു ചിറകെട്ടി വെള്ളം തടസ്ഥപ്പെടുത്തിയിരിയ്ക്കുന്നു. ഇഞ്ചമുടി, ചേറ്റുപ്പ് മുതലായ സ്ഥലങ്ങളിലെ കൃഷിക്കാർക്കു വെള്ളം കൊണ്ടുപോകാതിരിക്കുന്നതിനാണ് ഇങ്ങിനെ ഒരു ചിറ കെട്ടിയിരിയ്ക്കുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃശ്ശിവപേരൂർ താലൂക്കിലെ കൃഷിക്കാർക്കു മാത്രം വെള്ളംകൊടുക്കുന്ന കാര്യമല്ല ഞാൻ പറയുന്നതു്. ഇരു താലൂക്കുകാർക്കും ഒരുപോലെ അവകാശപ്പെട്ട വെള്ളം തൃശ്ശിവപേരൂർ താലൂക്കുകാർക്കു കൊടുക്കുകയില്ലെന്നും മുകുന്ദപുരം താലൂക്കുകാർക്കു മാത്രമേ അവകാശപ്പെട്ടുകയുള്ളു എന്നും ഒരു ഭാഗത്തെ ആക്ഷേപത്തെ മാത്രം അടിസ്ഥാനപ്പെടുത്തി ഗവൺമെണ്ടു രീച്ച്യയാക്കുന്നതു് ഒരിക്കലും ആശാസ്യമല്ലെന്നേ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നുള്ളു. കാരളംവില്ലേജിൽ കുറച്ചു കൃഷി ഒഴിവാക്കുന്നതു കൊണ്ടു് അവിടത്തെ താല്പര്യങ്ങളെ വിസ്മരിച്ചിട്ടല്ലാ ഞാൻ ഇങ്ങിനെ പറയുന്നതു്. കൃഷിക്കു വെള്ളം ഇതു താലൂക്കിലെ കൃഷിക്കാർക്കും ആവശ്യമാണു്. ഇതുപോലെ കുമ്പിലാവുപാടം എന്ന സ്ഥലത്തും കൃഷിയ്ക്കു അധികൃതന്മാരുടെ അലസതകൊണ്ടും അനുഭാവക്കുറവുകൊണ്ടും വളരെ ദോഷം വരുന്നുണ്ടു്. അവിടത്തെ ജനങ്ങളും അനാവധിപണം ഗവൺമെന്റിലേയ്ക്കു കൊടുക്കുന്നവരാണു്. അവരുടെ ആവശ്യത്തിനുവേണ്ടി ആ പാടത്തേക്കുള്ള കണക്കൻതോടെന്നും പെരുന്തോടെന്നും പറയുന്ന തോട്ടിൽ ഒരു കൽച്ചീപ്പോ ഒരു ചിറയോ കെട്ടിക്കൊടുക്കുവാൻ അപേക്ഷിച്ചപ്പോൾ അതിനു വേണ്ടിവരുന്ന സംഖ്യയിൽ പകുതി സംഖ്യ ജനങ്ങൾ ഗവൺമെണ്ടിനെ ഏല്പിക്കുമെങ്കിൽ പകുതിസംഖ്യ ഗവൺമെൻറും എടുത്തു് കെട്ടികൊടുക്കാമെന്നാണു മറുപടി പറഞ്ഞതു്. ആ പാടത്തെ കൃഷിക്കാരോടു മാത്രം ഇതു കഷ്ടമായി പറയുവാനുണ്ടായ കാരണം മനസ്സിലാകുന്നില്ല. അവരും നികുതി കൊടുക്കുന്നവരല്ലേ ? നികുതി കൊടുക്കുവാൻപോലും നിവൃത്തിയില്ലാതെ അവർ കഷ്ടപ്പെടുമ്പോൾ പകുതി പണം അവർ എങ്ങിനെ ഉണ്ടാക്കിക്കൊടുക്കും? ഇതാണോ ഗവൺമെണ്ടിന്റെ നയം ? ഇവരോടു മാത്രം ഇങ്ങിനെ പറയാനുണ്ടായ കാരണമെന്തു് ? ഗവൺമെണ്ടിന്റെ ഈ മനോഭാവം മാറ്റി മേല്പറഞ്ഞ തോട്ടിൽ ഉടനെ ഒരു ചീപ്പു് പണിയിച്ചു് അവിടത്തെ കൃഷിക്കാർക്കും ഒരു രക്ഷ നൽകേണമെന്നാണു് ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നതു്. ചിറമേൽ താലൂക്കും എന്റെ റിയോജകമണ്ഡലത്തിൽ പെട്ടതാണു്. ആ താലൂക്കു് കൃഷി ധാരാളം ഉള്ള ഒരു സ്ഥലമാണു്. തൃശ്ശിവപേരൂർ കുമ്പോളത്തിൽ ചിങ്ങം—കന്നിമാസങ്ങളിൽ കൊണ്ടുവന്നു ശേഖരിക്കാവുള്ള നെല്ലു മുഴുവനും ആ താലൂക്കിൽ നിന്നു വരുന്നതാണു്. എന്നാൽ ഇക്കൊല്ലം അവിടെനിന്നു് ഒരുമണി നെല്ലുപോലും ആശിക്കുവാൻ വഴിയില്ല. നെല്ലു വിതച്ചു് അതു പൊട്ടി കതിരു പുറപ്പെടേണ്ട കാലത്താണു് അവിടെ വിരിപ്പുകൃഷി ആരംഭിച്ചിരിക്കുന്നതു്. കാരണം വിരിപ്പുവിതയുടെ കാലത്തു് അവിടെ തീരെ മഴയുണ്ടായിട്ടില്ല. ആ കാരണം പറഞ്ഞാലൊ അറിഞ്ഞാലൊ അനുഭവപ്പെട്ടാലൊ നികുതിയിളവുചെയ്തു കൊടുക്കേണ്ടതു് ഗവൺമെണ്ടിന്റെ കർത്തവ്യമാണു്. ഇങ്ങിനെ പലപ്പോഴും കൃഷി ദോഷം നേരിടുന്നതുകൊണ്ടു് നികുതിയിളവുചെയ്തുകൊടുക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. എന്നാൽ അത് വസ്തു ഉടമസ്ഥന്മാർക്കായി തീർക്കരുതു്. വസ്തു കൈവശംവച്ചു കൃഷിചെയ്തുവരുന്ന വെമ്പാട്ടുകുടിയാന്മാർക്കായിരിക്കണം ഈ ഇളവു്. കൃഷിനടപ്പുകാർക്കു് ലഭിക്കുന്നതുകൊണ്ടുള്ള ഒരു വ്യവസ്ഥയോടുകൂടി ഉപക്ഷേപാവതാരകൻ ആവശ്യപ്പെട്ട നികുതി ഇളവു് ചെയ്തുകൊടുക്കേണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. J. Alexander:— In the matter of difficulties experienced by the people of the village parts in regard to failure of crops I think my constituency would not allow itself to be outdone by any other for, it has become a regular feature for agricultural crops in those areas, especially Kumbalangi, to be destroyed on account of the improper maintenance of irrigation works. A perusal of the Budget under Panchayat this year would show that only about Rs. 25 has been allotted for the maintenance of a bund that should protect the fields to the extent of 500 acres there. This Rs. 25 could rather have not been sanctioned at all rather than sanction it and spend it and see that the people are deriving no benefit at all.

Then another point. For the last two years the people in Kumbalangi have been suffering from a new pest that affected the cocoanut palms. Nearly 10,000 of them are now remaining absolutely devoid of any yield whatsoever. The Agricultural Department was approached to provide some means to remedy this pest and the only solution they could offer was the cutting down of the trees and in order to prevent the damage becoming more virulent people were forced to cut down some of those trees. But fortunately nature itself put a stop to that and those trees are remaining there quite barren. It is a matter of doubt whether at least for three years to come those trees will be beginning to yield at all. Under agriculture as well as cocoanut gardens the people of Palluviruthi are put to immense sufferings and therefore a remission of tax would be of great help. On these grounds I support the motion.

മിസ്റ്റർ ടി. കെ. നായർ:— വികൃതിയിളവു ചെയ്യേണ്ട കായ്മത്തപ്പുറി അല്ലെങ്കിൽ വിട്ടുകൊടുക്കേണ്ട കായ്മത്തപ്പുറി അധികമായിട്ടൊന്നും ഗവൺമെൻറിനെ ധരിപ്പിക്കുവാനില്ല. അതിനെസംബന്ധിച്ച് ഇതിനുമുമ്പുണ്ടായ നിയമസഭകളിലും വാദപ്രതിവാദം കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിനെപ്പറ്റിയുള്ള വിവരങ്ങൾ ഈ അടുത്ത അവസരത്തിലും ഗവൺമെൻറിനെ ധരിപ്പിക്കുവാനായിട്ടു മാത്രമാണ് രണ്ടുവാക്കു പറയുവാൻ വിചാരിക്കുന്നതു്.

ഉംനാട്ടുകാക്കു് അവിടങ്ങളിലെ കൃഷിക്കു് ഉണക്കംതട്ടുന്നതിനു പ്രധാന കാരണം വഷ്ം ഇല്ല എന്നുള്ളതാണ്. ഉംനാട്ടുകളിൽ മാത്രമല്ല; കൊച്ചീരാജ്യത്തിൽ പരക്കെ ക്രമക്കേടായി ഉണക്കം സംഭവിച്ചതുകൊണ്ടു് ഉംനാട്ടുകളിലും ഈ ഒരു വഷ്ത്തിൽ മാത്രമേ ഉണക്കം സംഭവിച്ചുള്ളുവെന്നു് ഗവൺമെൻറു വിചാരിച്ചുപോകരുതു്. അത്യാവശ്യം ചില വില്ലേജുകളിൽ അവിടവിടയായി സാധാരണ ഉണക്കം വന്നുകൊണ്ടിരിക്കുന്നതു് ഗവൺമെൻറിനെ അപ്പോഴപ്പോൾ ധരിപ്പിക്കുന്നതായാൽ ഒരുമാതി

LIBRARY ARCHIVES Kerala Legislative Assembly

രി നികുതിയിളവും ചെയ്തുകൊടുക്കുന്ന സന്ദർഭം ഗവൺമെന്റ് ഉണ്ടാ കേണ്ടി വരികയില്ലായിരുന്നു.

നമ്മുടെ പൂർവ്വികന്മാർ, ഇന്ന് നമുക്കു കൃഷിചെയ്തു ഉപജീവനം കഴിക്കുവാൻ വേണ്ട സൌകര്യങ്ങൾ ചെയ്തു തന്നിട്ടുള്ള നമ്മുടെ കാരണവന്മാർ, മുമ്പ് കൃഷി ചെയ്തിരുന്നതു മുഴുവൻ വഷ്ടത്തെ മാത്രം വിശ്വസിച്ചിട്ടല്ല. കാലസ്ഥലങ്ങളിലും പത്തും പതിനഞ്ചും ഇരുപതും ഏക്കർ ഭൂമിയിൽ കൃഷിയ്ക്കാവശ്യമുള്ള വെള്ളം ശേഖരിയ്ക്കുവാൻവേണ്ടി ചിറകളും കുളങ്ങളും ഉണ്ടാക്കി ഏതാണ്ട് അടുത്തകാലംവരെ കൃഷി ചെയ്കയും, ആ വക കുളങ്ങളും ചിറകളും ന്യായമായ സംരക്ഷണയിൽ ഇരുന്നുവരികയും ചെയ്തിരുന്നു.

നായർസമുദായത്തിൻറെ കഥ സ്ഥിതിമാത്രം പറയുന്നതായാൽ നായർഭൂലോഭം പാസാധതോടുകൂടി നാല്പതും അൻപതും ഏക്കർ കൃഷി ചെയ്വാനുണ്ടായിരുന്ന തറവാട്ടുകളെല്ലാം പൊളിഞ്ഞു കാൽ ഏക്കർ അരയേക്കർ ചീനം കരോ വ്യവഹാരിയ്ക്കോ, തായ്പ്പറയ്ക്കോ ഭോഗിച്ചുകൊടുത്തു. അങ്ങിനെ ഭാഗം കിട്ടിയ കൂട്ടത്തിൽ രണ്ടുപൂവിനു വെള്ളം കിട്ടുവാനുണ്ടായിരുന്ന സ്ഥലങ്ങളെ കുറേശ്ശെ കുറേശ്ശെയായി തുണ്ടു തുവർ ഇരുപ്പുകൃഷിയാക്കി. ഇത്തരത്തിൽ നാല്പതും അൻപതും ഏക്കർ സ്ഥലത്തെ മുഴുവൻ തുണ്ടുകഴിഞ്ഞിട്ടുണ്ട്. തന്മൂലം വെള്ളം ശേഖരിയ്ക്കുവാൻ നിവൃത്തിയില്ലാതെ പില്ലാകുഴിയ്ക്കും കനുപോലെ ഉണക്കം തട്ടീട്ടുണ്ട്. ഈ കുളങ്ങളും ചിറകളും നമ്മുടെ പൂർവ്വീകന്മാരുടെ കാലത്തു കൃഷിസൌകര്യത്തിനായി ഉണ്ടാക്കിയുള്ളവയാണെന്നാണ് എൻറെ അഭിപ്രായം. ഒരു തറവാട്ടിൽനിന്നും ഭാഗംപിരിഞ്ഞുപോയ അവസരത്തിൽ നികുതി കൊടുക്കുവാൻ നിവൃത്തിയില്ലാതായി സർക്കാരിലേയ്ക്കു വിട്ടുകൊടുത്ത കുളങ്ങളും ധാരാളമുണ്ട്. ഇതു റവന്യൂമന്ത്രിയും അറിയാം. ഇങ്ങിനെയുള്ള കുളങ്ങൾ ഉണ്ടെങ്കിൽ ഒരു കൊല്ലം മഴ ഉണ്ടായില്ലെങ്കിലും ഇരുപതും മുപ്പതും ഏക്കർ സ്ഥലത്തുള്ള കൃഷിയ്ക്കു വെള്ളം കിട്ടുവാൻ ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. ഈവക സ്ഥലങ്ങളുടെ സ്ഥിതി ഇപ്പോൾ ഏതു നിലയിലാണെന്നു റവന്യൂമന്ത്രി തന്നെ പറഞ്ഞാൽകൊള്ളാം. ഏതെങ്കിലും പുറമ്പോക്കിലുള്ള ഒരു കുളത്തിനെങ്കിലും ഇപ്പോൾ പണ്ടത്തെപ്പോലെ സംരക്ഷണയുണ്ടോ? യാതൊരാന്നുമില്ല. ഇന്നത്തെ ഉപക്ഷേപത്തിൽ പറയുന്നതുപോലെ സ്വല്പം നികുതിയിളവു ചെയ്യുന്നതുകൊണ്ട് ഉൾനാടുകളിലെ കൃഷിക്കാർക്ക് യാതൊരു ഗുണവുമില്ല. എന്തെങ്കിലും ഗവൺമെൻറിൽനിന്നും കൃഷിക്കാർക്കു ഗുണം ചെയ്തുകൊടുക്കുന്നതാകിൽ അതു ഉൾനാടുകളിലുള്ള കൃഷിക്കാർക്കു പ്രയോജനമുണ്ടാകത്തക്കവിധത്തിലായിരിയ്ക്കണം. നിയമസഭയിൽ മേലാലും ഇങ്ങിനെയുള്ള ഉപക്ഷേപങ്ങൾവരാതിരിയ്ക്കുവാനായി ഉൾനാടുകളിലെ കൃഷിക്കാർക്കുണ്ടായിട്ടുള്ള കൃഷിനാശത്തിനു നിവാരണമുണ്ടാക്കുവാൻ കഴിയുന്ന മൈനർ ഇറി

LIBRARY ARCHIVES Kerala Legislative Assembly

ശേഷമെങ്കിലും തല്ക്കാലം നടപ്പിൽ വരുത്തണം. ഗവൺമെൻറിൽനിന്നും തോടുകൾ വെട്ടിച്ചും ചിറകൾ കെട്ടിച്ചും വെള്ളം ശേഖരിക്കുകയും, റവന്യൂ ഡിപ്പാർട്ടുമെൻറിൻകീഴിലുള്ള കുളങ്ങളെ ശരിയായ സംരക്ഷണംചെയ്തു വെള്ളം ശേഖരിക്കുകയും ചെയ്യാൽ മാത്രമേ ഇന്നാട്ടെ കൃഷിയുണക്കിന് സ്വല്പമെങ്കിലും ഗുണം കിട്ടുകയുള്ളൂ. ഈ വിഷയം ഗവൺമെൻറിനെ ധരിപ്പിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു". നികുതിയിളവുചെയ്തു കൊടുക്കുവാനായി ഭരണപ്രോഗാഢ സാമാജികന്മാർ ഉപക്ഷേപം കൊണ്ടുവരുന്നതിനെ പരമാർത്ഥത്തിൽ അർത്ഥമില്ല എന്നു ഞങ്ങൾക്കറിയാം. ഒരു ഗവൺമെൻറിൻറെ നടത്തിപ്പിനു വേണ്ടതായ സംഖ്യ നികുതി പിരിച്ചുവേണം കിട്ടുവാൻ എന്നും ഞങ്ങൾക്കറിയാം. എങ്കിലും നാട്ടുകാരെല്ലാം അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ കണ്ടുകൊണ്ടിരിക്കുന്ന ഞങ്ങൾക്കു നിയമസഭയിൽ അവരുടെ സങ്കടങ്ങൾ ധരിപ്പിച്ച് എന്തെങ്കിലും ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാതെ നിവൃത്തിയില്ലല്ലോ എന്നു വിചാരിച്ചു മാത്രം ഗവൺമെൻറിനോടാവശ്യപ്പെടുന്നുവെന്നേയുള്ളൂ.

Mr. A. V. Moothedan:— It is a notorious fact that during the period from Meenom to Mithunom there was very little rains. In a State like Cochin where irrigation is in its infancy and where agricultural prosperity depends upon seasonal rain the draught has caused much havoc to Viruppu and Ngyal (ഞാൽ) cultivation. In recommending this motion to the Hon'ble Members of the House I wish to emphasise that Members representing non-agricultural areas need not complain against this motion because that will benefit all classes of His Highness' subjects. As the Commerce Member said yesterday many of the agriculturists are indebted to merchants and Bankers. If a remission is given to the Agriculturists they will give a small part of that to the businessmen by way of interest on loans. Also if the agriculturists have more money in their pockets they will purchase more clothes and more rice and other requisites of daily necessity. So the money will go to the merchants and the businessmen as well. Therefore, they need have no complaint against this. Therefore, I recommend this motion to the acceptance of the whole House.

Mr. T. S. Balarama Ayyar:— On a point of information, Sir, before deciding which way to vote I want to know whether the Hon'ble Member is demanding a full remission in all cases or only a remission in such cases proportionate to the damage made by the draught.

Mr. E Ikkanda Warriar:— Full remission only to case, which had been completely damaged. In answer to question No. 88 they say that there has been complete damage to the extent of 1723

LIBRARY ARCHIVES Kerala Legislative Assembly

acres. At last the tax with respect to those properties may be remitted.

Mr. K. Achyuta Menon:—Mr. President, Sir, the exceptional severity of the draught this year early attracted the attention of my Department and the head of the Department himself made a personal inspection of such fields which he could examine without detriment to his other duties. Early in Kanni, he gave instructions to his Tahsildars to make a personal inspection of the fields affected and prepare a consolidated list of the fields affected and report upon the extent of the affection of the areas. The lists were submitted and upon receipt of those lists I laid proposals before the Government with respect to the Mundakan crop and the Government were pleased by order dated 6th March 1935 published in the Gazette to approve of my proposals and to grant a remission on the lines of my recommendation with respect to the Mundakan crop of that year. The amount of remission comes to Rs. 8,000. The draught persisted and I gave instructions again with respect to kole and punja lands to make as before a personal inspection of the fields injuriously affected and to prepare another list. That list was also supplied to me and upon the basis of that list I laid detailed proposals before the Government with respect to the remission to be granted. Orders are pending. These are the two crops for this year.

There is one kind of crop referred to by the Hon'ble Members representing the Cochin Kanayannur Taluk. There it is the case of the one crop raised in Edavom or Mithunom and harvested in Kanni. These crops also have to some extent been affected. My report upon that also is pending the consideration of the Government and the Government made it clear that they would be passing orders after viewing the problem as a whole. The remission I have proposed will come to Rs. 14,800 in the case of Kole and Puncha lands and with respect to Cochin Kanayannur it comes to about Rs. 600 in the case of the one crop lands. All these proposals are before the Government and I can assure Hon'ble Members that orders will be passed soon.

An invitation was extended to me by the Hon'ble Member for Pazhayannur in the course of his speech to make some observations upon the nature of the irrigational system which existed in olden times in the various fields of the State which, if now improved, would make our fields to a certain extent independent of rainfall. Now, that had attracted my attention as a consequence of the draught and early this year I issued separate proceedings to all village officers to give me a map of each village on a large scale noting therein the existing irrigational systems and a report accompanying that, as to how these systems could be improved and

LIBRARY ARCHIVES Kerala Legislative Assembly

what approximately would be the extent of the benefit the lands in those fields would derive from an all-round improvement of all the existing irrigational facilities. I asked them to be ready with the maps at the time of my *jamabandy*. But afterwards I found that the maps issued from the record office was on a small scale and the things which I wanted could not be done in that map. I issued instructions to give them another kind of map wherein the things which I wanted, tanks, canals, wells etc., could be noted there, giving separate colours for each detail. I am inspecting these things to know as to how far these tanks and wells could be improved and to what extent these could be profitably improved. I have nothing more to add.

Mr E. Ikkanda Warriar:— Sir, from what I have been able to gather from the Hon'ble Revenue Member's speech I understand that the Government is in full sympathy with us. But they have not finally decided as to what they should do. I think that under the circumstances a vote of this House will enable them to come to a decision especially in view of the fact that all the Hon'ble Members who spoke on the subject have clearly spoken in support of it except one Member who, though he supported this motion, had his own doubt whether the agriculturists will as a matter of fact be benefitted by this remission.

Mr. K. Achyuta Menon:— Sir, I have accepted the principle. The only thing is to work out the extent. Orders are pending.

Mr. E. Ikkanda Warriar:— In that view of the matter I beg the leave of the House to withdraw my motion.

Motion was, with leave, withdrawn.

Motion No. 8.

Mr. E. Ikkanda Warriar:— *To reduce the allotment of Rs. 11,917 for Diwan Peishkar's Office Establishment by Re. 1. (To suggest the desirability of alloting more funds for giving agricultural loans and a better and equitable method of distribution).*

Sir, the Government allots a particular amount every year for giving agricultural loans. I think the usual practice is to allot Rs. 20,000 every year. I find from the Budget that 20,000 rupees has been provided for under this head this year also. The object of my motion is to point to the Government a different method of distributing this amount. What is now being done is to give this 20,000 rupees to three or four persons, sometimes 10 or 15. The

LIBRARY ARCHIVES Kerala Legislative Assembly

number of persons actually benefitted in any year will not be more than 20 or 30. There is another fact also which we have noticed generally and that is the rich people, the land owners particularly, get the benefit of the loan and not the agricultural cultivators, because it is difficult for the actual cultivators to furnish the necessary security required under the Land Revenue Rules. The land owners, because of the tempting interest for which the loan is got, are able to furnish security and take the amount and use it for other purposes. I would suggest that in future at least not more than Rs. 500 should be given in any particular case. In the Land Revenue Manual there are three sets of objects for which loans can be given. For permanent improvement of land, for the construction or repair of wells or tanks etc. There is no limit to which the amounts can be given. Then for other agricultural purposes namely, for the purchase of seed grain, ploughing cattle and stallions or the rebuilding of houses destroyed by fire or flood, the maximum that can be given is Rs. 500 and for other agricultural objects such as purchase of fodder for domestic and agricultural cattle etc., Rs. 2,000. Then (c) for the relief of distress when the existence of such distress has been recognised by the Diwan Peishkar to enable owners and occupiers of land and their dependants to subsist until the ripening of the next harvest, the maximum is Rs. 250. I do not think the Government give any amount under clause (c). I would respectfully request the Government that in future at least they will make it a rule to give only Rs. 500 so that a larger number of people be benefitted by this grant. With these few words I resume my seat.

മിസ്റ്റർ ഇ. പി. ഭാസ്കരമേനോൻ:— ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ച മിസ്റ്റർ വായ്ക്കരോട്ടുകൂടി യോജിക്കുന്നതിനുംപുറമെ കൃഷി സംബന്ധിച്ച കടം നമ്മുടെ രാജ്യത്തെ കർഷകന്മാർക്ക് ഇപ്പോൾ കിട്ടുന്നതിനുമുമ്പുള്ള പല ബുദ്ധിമുട്ടുകളേയും കുറെ ചൂണ്ടിക്കാണിക്കുന്നതാണെന്നാണുദ്ദേശിക്കുന്നത്. വാസ്തവം പറയുകയാണെങ്കിൽ പൊന്നുതമ്പുരാൻ തിരുമേനിയുടെ ദയവിന്റെ ഫലമായിട്ട് രാജ്യത്തു് വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്ന കർഷകന്മാർക്ക് കൃഷിയെ പ്രോത്സാഹിപ്പിക്കുവാനായി കിട്ടുന്ന സഹായം ഒരാളുടെ ആശ്രിതനു കിട്ടണമെങ്കിൽ അതിന് എന്തെല്ലാം വഴികളിൽക്കൂടിയാണു പോകേണ്ടതെന്നുള്ളതു് ഒന്നാലോചിക്കണം. ചുവട്ടിൽ മാസപ്പടിമുതൽ മേലുദ്യോഗസ്ഥൻ വരെ ഒരോരുത്തരേയും സന്തോഷിപ്പിച്ച് ഇപ്പോൾ കിട്ടും ഇപ്പോൾ കിട്ടും എന്നു വിചാരിച്ച് കർഷകന്മാരായ സാധുക്കൾ കാത്തുനിന്നാൽ അവരുടെ അത്യാവശ്യ സംഗതികൾക്കുവേണ്ടി ചിലവുചെയ്യേണ്ട സമയം കഴിഞ്ഞുകയും ചിലപ്പോൾ ഉദ്ദേശിച്ച സമയത്തു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അവക്കു സംഖ്യ കിട്ടാതിരിക്കയും എന്നാൽ അധികംപേക്കും ആവ ശ്യത്തിനു തന്നെയല്ലാ രീതിയെ കിട്ടാതെതന്നെയിരിയ്ക്കുകയുമാണു് നാം ഇ പ്പോൾ നമ്മുടെ ചുറ്റും കണ്ടുവരുന്ന അവസ്ഥ. ഈ സംഗതിയ്ക്കു് ഗവ മ്മെൻറ് കരുതിവയ്ക്കുന്നതിനാണു് എൻറെ വിശ്വാ സം. പ്രത്യേകമായി ഈ കാര്യത്തെ സംബന്ധിച്ചു് എനിയ്ക്കു പറയുവാ നുള്ളതു് കടത്തെസംബന്ധിച്ചുള്ള കടലാസുകൾ നിവൃത്തിയുള്ളിടത്തോളം കുറച്ചു് ഉദ്യോഗസ്ഥന്മാരുടെ കയ്യിൽക്കൂടി മാത്രം കടന്നാൽമതിയെന്നാണു്. അതുയും ആളുകളെ കുറച്ചു് ഈ സാധുക്കൾക്കു കണ്ടാൽ മതിയല്ലോ. ഈ കടലാസുകൾ നേരിട്ടു് ഒടുവിലത്തെ ഉദ്യോഗസ്ഥൻറെ കയ്യിൽ കിട്ടി യാൽ "തേവരെ സേവിച്ചാൽ മതി, വെലിക്കല്ലിനെ വേണ്ടല്ലോ" എന്ന മട്ടിൽ അവക്കു കാര്യം സാധിയ്ക്കുവാൻ എളുപ്പമുണ്ടു്. നേരിട്ടുചെന്നുകണ്ടു. അവക്കു സംഖ്യ വാങ്ങുവാനും പ്രയാസമുണ്ടാകയില്ല. അതുകൊണ്ടു് ഈ നയം ഗവൺമ്മെൻറ് സ്വീകരിയ്ക്കുമെന്നുള്ള ആശയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ടി. കെ. നായർ:—സർ, അടുത്ത അവസരത്തിൽ ദിവാൻ ജി അവർകളുടെ ഓപ്പണിംഗ് സ്റ്റേറ്റുമെൻറിൽനിന്നു് ലാൻറ് മോർട്ട്ഗേ ജ് ബാങ്കു സ്റ്റേറ്റിൽ തുടങ്ങുവാനായിട്ടു് ഉദ്ദേശിക്കുന്നുണ്ടെന്നു് അഭിപ്രായ പ്പെട്ട സ്ഥിതിയ്ക്കു് എൻറെ അഭിപ്രായത്തിൽ ഈ വിഷയവും അതിൽ വരുമെന്നാണു് ഞാൻ ആശിക്കുന്നതു്. അതിൽ കൂടുതൽ വിവരം എനി ക്കില്ല. ലാൻറ് മോർട്ട്ഗേജ് ബാങ്കു വന്നാൽ പിന്നെ ഗവൺമ്മെൻറിൽനി ന്നു് ഈ ഒരു സംഖ്യ കൊടുക്കുന്നതിൽ അർത്ഥമുണ്ടോ എന്നു് എനിക്കറി ഞ്ഞുകൂടാ. ഗവൺമ്മെൻറിൽനിന്നു് ഈ സംഖ്യ കൊടുക്കുന്നതിൻറെ ഉദ്ദേ ശം, കുറച്ചു അധികം സംവത്സരങ്ങളായി കടം വാങ്ങിച്ചിട്ടുള്ളതു് മടക്കിക്കൊ ടുക്കുവാനുള്ള ഒരു സൌകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയാണെ ന്നാണു് ഞാൻ ധരിച്ചിരിക്കുന്നതു്. ലാൻറ് മോർട്ട്ഗേജ് ബാങ്കിൻറെ പ്രധാന ഉദ്ദേശവും അതു തന്നെയാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ:—അല്ല.

മിസ്റ്റർ ടി. കെ. നായർ:—ഞാൻ ധരിച്ചിട്ടുള്ളേടത്തോളം ലാൻറ് മോർട്ട്ഗേജ് ബാങ്കിൻറെ ഉദ്ദേശം വസ്തുപണയത്തിന്മേൽ വാങ്ങിക്കുന്ന പണം അധിക കാലം കൊണ്ടു് മടക്കിക്കൊടുക്കുകയെന്നുള്ള വ്യവസ്ഥക ളോടുകൂടി സംഖ്യ കടം കൊടുക്കുക ഇതാണു് എൻറെ അഭിപ്രായം. ഈ വിഷയത്തിൽ ചിറപ്പർ മെമ്പറേക്കാൾ അധികം പരിശീലിച്ചിട്ടുള്ള വനാണു ഞാൻ. 1108-ലെ ബഡ്ജറ്റ് സെഷനിൽ ഈ വിഷയത്തെ സംബന്ധിച്ചു് ഒരു അടിയന്തിര പ്രമേയം ഞാൻ ഈ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കുകയുണ്ടായി. ഈവക സംഗതികളെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ അന്നത്തെ ദിവാൻജി അവർകൾ ഇതിന്റെ ആവശ്യം ഇല്ലെന്നാണ് പറഞ്ഞത്. അതു് ലാൻഡ് മോർട്ട്ഗേജ് ബാങ്ക് എന്നു പറഞ്ഞാൽ എന്തൊരു സാധനമാണ് എന്നു കൂടി ഗവർമ്മെന്റിനു് അറിഞ്ഞുകൂടായിരുന്നു. അടിയന്തിരപ്രമേയത്തിന്റെ ആത്മം മനസ്സിലാക്കുവാൻ ഉദ്യോഗസ്ഥന്മാരിലും ആരും ഉണ്ടായിരുന്നില്ല. അതു് ഡെട്ട് കൺസീലിയേഷൻ ബോഡ്പോലെയുള്ള ഒന്നാണെന്നു് ഞാൻ പറഞ്ഞപ്പോൾ എന്താണ്ടു് അതിന്റെ ആത്മം കൊച്ചി ഗവർമ്മെന്റു് ധരിച്ചതായി എനിക്കുതോന്നി. അപ്പോൾ അതിൽ യാതൊരു ഉദ്യോസ്ഥന്മാരും എതിരു പറയുകയുണ്ടായില്ല. ആ നിലയിൽ ഗവർമ്മെന്റിന്റെ മുമ്പിലത്തെ മനസ്ഥിതി കുറെ മാറിക്കണ്ടപ്പോൾ എനിക്കു വളരെ അത്ഭുതമാണ് തോന്നിയതു്. ഡെട്ട് കൺസീലിയേഷൻ ബോഡും വേണമെന്നു് മുമ്പു് ഞാൻ ഈ നിയമസഭയിൽ ഒരു റസല്യൂഷൻ അവതരിപ്പിച്ചിട്ടുണ്ടു്. സാമ്പത്തികാധഃപതനം നിവാരണത്തിനുവേണ്ടി കൺസ്ട്രക്ടീവായ പ്രൊപ്പോസൽസു് യാതൊന്നും കൊണ്ടുവരുന്നില്ല എന്നു് റവന്യൂമെമ്പർ അധിക്ഷേപിച്ച അവസരത്തിൽ അടുത്ത നിയമസഭയിൽ തന്നെ കൊണ്ടുവരാമെന്നു ഞാൻ പറയുകയും അപ്രകാരം തന്നെ കൺസ്ട്രക്റ്റീവായ പ്രൊപ്പോസലോടുകൂടി ഡെട്ട് കൺസീലിയേഷൻ ബോഡും ലാൻഡ് മോർട്ട്ഗേജ് ബാങ്കും വേണമെന്നു് ഞാൻ ആവശ്യപ്പെടുകയും ചെയ്യുപ്പോൾ അവരണ്ടും കൺസ്ട്രക്റ്റീവായിട്ടുള്ള പ്രൊപ്പോസൽസായിട്ടില്ലെന്ന കാരണത്തിന്മേൽ ബഹുമാനപ്പെട്ട കൊച്ചി ഗവർമ്മെന്റു് അവയെ തള്ളിക്കളയുകയും ചെയ്തതിൽ ഞാൻ അത്ഭുതപ്പെട്ടുന്നില്ല.

മുമ്പു് ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ലജിസ്ലേഷനുവേണ്ടിയുള്ള ചില ബില്ലുകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അക്കൂട്ടത്തിൽ ഡെട്ട് കൺസീലിയേഷനു വേണ്ടിയുള്ള ഒരു ബില്ലു ഇവിടെ കൊണ്ടുവരുന്നു് കോടതിസംബന്ധമായ ചില വിഷയങ്ങളിൽ ഒരു പ്രോക്ലമേഷൻ വേണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. അതും ഗവർമ്മെന്റു സ്വീകരിക്കുകയുണ്ടായില്ല. ഇതിനു ഞാൻ ഗവർമ്മെന്റിനെ കുറ്റം പറയുന്നില്ല. ഗവർമ്മെന്റിന്റെ പോളിസി മാറുമ്പോൾ ഉദ്യോഗസ്ഥന്മാരുടേയും മനസ്ഥിതിമാറുമെന്നല്ലാതെ എല്ലാവരുംകൂടി ഒരു സംഗതിയിൽ യോജിച്ചുനിന്നു എന്നു വരികയില്ല.

ബഹുമാനപ്പെട്ടചിറയർ മെമ്പർ ഇപ്പോൾ പറഞ്ഞതിനു മറുപടിയായിട്ടു് ലാൻഡമോർട്ട്ഗേജ് ബാങ്കിനെസംബന്ധിച്ചുള്ള വിഷയങ്ങൾ അദ്ദേഹത്തേക്കാൾ ഞാൻ നല്ലവണ്ണം വായിച്ചു മനസ്സിലാക്കീട്ടുള്ളതുകൊണ്ടു് തീച്ചയായും ഈ കാര്യവിഷയത്തിൽ അതു വേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ലാൻറമോട്ട്ഗേജ് ബാങ്ക് സ്ഥാപിക്കുന്ന വിഷയത്തിൽ ഗവൺമെൻറ് ഉടനടി ഇറങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങിനെ ഇറങ്ങണമെന്ന് എനിക്ക് അപേക്ഷയുമുണ്ട്. അങ്ങിനെ ഉദ്ദേശിക്കുന്നപക്ഷം ഈ കാര്യത്തിൽ ഇപ്പോൾ ഗവൺമെൻറ് എപ്പെടേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. രണ്ടുവിധത്തിലുള്ള സൌകര്യങ്ങൾ കൃഷിക്കാർക്കു ഗവൺമെൻറിൽ നിന്നും ചെയ്തുകൊടുക്കേണ്ട ആവശ്യമില്ല. ലാൻറമോട്ട്ഗേജ് ബാങ്ക് സ്ഥാപിക്കുന്ന കാര്യത്തിൽ ഇപ്പോഴത്തെ ദിവാൻജി അവർകൾ ഉടനടി ആലോചിച്ചു വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു. ലാൻറമോട്ട്ഗേജ് ബാങ്കു തുടങ്ങുവാൻ ഗവൺമെൻറു മുതിർന്നുവെങ്കിൽ ഇങ്ങിനെ ഒരു ഉപക്ഷേപം കൊണ്ടുവരേണ്ട ആവശ്യമില്ലെന്ന് എനിക്കു പറയാമായിരുന്നു. അതില്ലാത്ത സ്ഥിതിക്കു തൽക്കാലം ഞാൻ ഇതിനെ എതിർക്കുന്നുമില്ല; സപ്പോർട്ടു ചെയ്യുന്നുമില്ല.

Mr. K. Achyuta Menon:—Sir, two points that arise in the cut motion and as formulated by the Hon'ble Member for Urakam are (1) a larger sum than Rs. 20,000 ought to be provided for this purpose and (2) the amount should be so distributed as to be of benefit to a larger number of agriculturists. He seems to have not very strongly pressed for more allotment but he urged for devising a more suitable method for dealing out this agricultural loan in small amounts of Rs. 500, so that it may reach a larger number of agriculturists than at present. I think, Sir, it can be effected without the Government moving in this matter. The rules contained in the Land Revenue Manual are ample. Out of the 20,000 rupees, a fair proportion of it is now given to the Tahsildars for distribution with a maximum limit of Rs. 250 attached to each grant. Speaking for myself, Sir, apart from committing the Government I sometimes feel that it is necessary to see that the amounts reach a larger number of agriculturists and I shall consider the suggestion made by the Hon'ble Member for Urakam for allotting smaller amounts so that distribution may ultimately affect a larger number of the agriculturists. The existing rules are ample for the purpose. It is a matter between myself and the Tahsildars. I shall see whether it is not possible to place larger amounts in the hands of the Tahsildars so that it may reach a larger number of agriculturists.

Mr. E. Ikkanda Warriar:—Sir, the Hon'ble Member is not quite right in assuming, or perhaps I did not make myself quite clear, that I do not want to have more amounts allotted for the purpose of agricultural loans. I would request the Government if possible to allot more funds for the purpose. In view of the assurance given

LIBRARY ARCHIVES Kerala Legislative Assembly

by the Hon'ble Member for Revenue, I beg leave of the house to withdraw my motion.

Motion was, with leave, withdrawn.

Motion No. 9.

Mr. K. M. Ibrahim:—*To reduce the allotment of Rs. 12,513 for Diwan Peishkar's Office Establishment by Re. 1.*

(Adverting to the statement of the Hon'ble Member for Revenue in Council, 9671 coercive processes were issued in all in 1107 of which 9427 related to Land Revenue.....But sale of the properties had to be effected only in 160 cases (Vide Q. 438, Official Proceedings of 15th Meenom 8) and to the fact that there are only 79, 793 pattadars in Cochin (Vide appendix XVI to Q. 282, 23rd Karkadagom '08) information is required on what the Government have been already doing to help the 1/8 of the total of our agriculturists who have thus been harased by them and what they intend to do in the matter. Information may also be given on the table regarding the statistics of the coercive steps of the kind in 1108 and 1109 to facilitate the discussion of the subject.)

സർ, ഈ വിഷയത്തെക്കുറിച്ച് ഒരു പ്രസംഗം ചെയ്യുന്നതിനു മുമ്പായി ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ തരുവാൻ ബഹുമാനപ്പെട്ട റവന്യൂമെമ്പർക്കു സാധിക്കുമോ എന്നു് അറിയേണ്ടിയിരിക്കുന്നു. അതിനുശേഷം ഇതിനെ സംബന്ധിച്ചു കൂടുതലായി സംസാരിച്ചാൽ മതിയാകുമെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

Mr. K. Achyuta Menon:— With respect to (1) 1108, 102 cases of sale of immovable property and (2) 1109, 431 sales.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—മിസ്റ്റർ പ്രസിഡണ്ടു്, ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള സംഗതിയുടെ സംഗ്രഹം ആംഗ്ലേയ ഭാഷയുമായി വലിയ പരിചയമില്ലാത്ത മാന്യ സ്നേഹിതന്മാർക്കും മനസ്സിലാകുവാൻവേണ്ടി എല്ലാവർക്കും വിദിതമായ മലയാള ഭാഷയിൽ തന്നെ പറയുന്നതു് എന്റെ കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

ബഹുമാനപ്പെട്ടറവന്യൂ മെമ്പർ ഈ നിയമസഭയിൽ രണ്ടുകൊല്ലം മുമ്പു് ഒരു ചോദ്യത്തിനു പറഞ്ഞിട്ടുള്ള മറുപടിയാണു് ഈ ഉപക്ഷേപത്തിന്റെ അടിസ്ഥാനം. ആ ചോദ്യത്തിന്റെ മറുപടിയിൽ ഉള്ളതു് 1107-ാമാണ്ടിൽ 9,671 നിർബ്ബന്ധ നടപടികൾ കൂടാതെ ഈടു ചെയ്യുന്നതിനുവേണ്ടി കൊച്ചീരാജ്യത്തെ കുഷ്കന്മാരുടെ മേൽ പ്രയോഗിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിവന്നുവെന്നാണ്. ഈ 9427 നിബ്ബന്ധ നടപടികളിൽ 160 വസ്തുവില്പനയും നടത്തേണ്ടി വന്നതായിട്ടാണ് അദ്ദേഹത്തിന്നു് ഈ നിയമസഭയിൽ സമർപ്പിക്കേണ്ടി വന്നിട്ടുള്ള വിവരം. എന്നാൽ 79,793 പട്ടയദാരന്മാരെ നമ്മുടെ കൊച്ചിരാജ്യത്തിൽ ആകെ ഉള്ളൂവെന്നു വേറെ ഒരു ചോദ്യത്തിന്നു ബഹുമാനപ്പെട്ട റവന്യൂ മെമ്പർ മറുപടി തന്നിട്ടുണ്ട്. ഇതിൽ എന്താണു മുഴച്ചു നില്ക്കുന്നതു് എന്നു നോക്കുക. ഒട്ടാകെയുള്ള കർഷകന്മാരിൽ $\frac{1}{2}$ ഭാഗം കുട്ടരുടെമേൽ കരം ഈടു ചെയ്യുവാൻവേണ്ടി കഠിനമായ നിബ്ബന്ധ നടപടി എടുക്കേണ്ടി വന്നു എന്നല്ലേ ഈ കണക്കു കാണിക്കുന്നതു്? അതിനുശേഷം 1108-ലും 1109-ലും ഇതേ നിലയിൽതന്നെ കർഷകന്മാരിൽ ഒരു പ്രധാന ഭാഗത്തിന്റെമേൽ നികുതി ഈടാക്കുന്നതിനുവേണ്ടി ഇത്തരം കഠിനമായ നിബ്ബന്ധ നടപടികൾ പ്രയോഗിക്കേണ്ടിവന്നു എന്നു് അദ്ദേഹം പറഞ്ഞ സമാധാനത്തിൽനിന്നു കൂടുതൽ വിവരങ്ങളും ഈ സഭ ധരിച്ചു കഴിഞ്ഞു. എന്നാൽ അദ്ദേഹം ഇപ്പോൾ പറഞ്ഞിട്ടുള്ളതായ വസ്തുവില്പന എന്ന ഇനം കൂടാതെ നടക്കുന്ന നിബ്ബന്ധനടപടികൾ എത്രയാണെന്നു് ഈ നാട്ടിന്റെ അപ്പുറത്തും ഇപ്പുറത്തുമുള്ള സംഗതികൾ എന്താണെന്നു ധരിക്കുവാൻ ശ്രമിച്ചിട്ടുള്ള ഞങ്ങൾക്കെല്ലാവർക്കുമറിയാം. ഈയ്യിടെ പലരുടെമേലും ഭൂമി വില്പനയും ലേലവും മറ്റു നിബ്ബന്ധനടപടികളും കരം ഈടാകാത്തതിനുവേണ്ടി എടുക്കേണ്ടിവന്നതു നിങ്ങൾക്കെല്ലാം അറിയാം. ഇങ്ങിനെയുള്ള നിബ്ബന്ധ നടപടികൾ നടത്തിയിട്ടുപോലും അവരിൽനിന്നും കരം ഈടാകുന്നില്ല എന്നുള്ള സംഗതി എന്തിനെ കാണിക്കുന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിന്നു് എന്താണു് നിവാരണമെന്നു ചോദിച്ചാൽ ചിന്തകന്മാർക്കുള്ള ഏറ്റവും അങ്ങേ അറ്റത്തെ അഭിപ്രായം ഞാൻ പറയാം. ഭൂമിയുടെ വിതരണത്തിൽ നിയന്ത്രണമില്ലാത്ത തരക്കേടാണു് ഇതിന്നു കാരണം. ഇന്നത്തെ നിലക്കു്—ഭൂമി പിഴച്ച ഈ വിതരണസമ്പ്രദായത്തിൽ—ഭൂമികൊണ്ടനുഭവിക്കുന്ന ഭൂരിപക്ഷം വ്യക്തികൾക്കും വിഷമങ്ങൾ നേരിടുന്നതു വിതരണത്തിന്റെ അശാസ്ത്രീയതയെ ഇരട്ടിപ്പിക്കുന്നു. നാമെല്ലാം പ്രാപിക്കുവാനടുത്തിരിക്കുന്ന ഒരു സുവർണ്ണകാലം വരുന്നതിന്നു മുമ്പായി കർഷകന്മാർ എന്നു് ഇപ്പോൾ അറിയപ്പെടുന്നവരെ കർഷകന്മാരായിത്തന്നെ നിലനിറുത്തുവാൻ വല്ല നിവൃത്തിയുമുണ്ടോ എന്നാണു ഞാൻ ഈ ഉപക്ഷേപത്തിൽ ചോദിക്കുന്നതു്. ഇന്നത്തെ ഈ ഉപക്ഷേപത്തിലെ സംഗതി ഏറ്റവും പുതുതായ കന്നല്ല. ഇതിന്നു മുമ്പു പല അവസരങ്ങളിലും ചോദ്യങ്ങൾ വഴിയായും ഉപക്ഷേപങ്ങൾ വഴിയായും മറ്റു പല രൂപങ്ങളിലായും ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവന്നു് കഴിയുന്ന താല്ക്കാലിക സഹായങ്ങളെല്ലാം കർഷകന്മാർക്കു ചെയ്തു കൊടുക്കണമെന്നു് ആവശ്യപ്പെടുകയും അപ്രകാരം ചെയ്യാമെന്നു് ഈ നിയമസഭയി

LIBRARY ARCHIVES Kerala Legislative Assembly

ൽ ഗവൺമ്മെൻറ വാഗ്ദാനം നല്ലകയും ചെയ്യിട്ടുണ്ട്. എന്നാൽ അതു പ്രകാരം ഗവൺമ്മെൻറിൻെറ്റായത്തിൽ ഇതുവരെ കായ്മമായ യാതൊരു മാറ്റവും വന്നിട്ടില്ല. ഈ സാമ്പത്തികാധഃപതനത്തിനു മുമ്പു് റവന്യൂ പിരിക്കുന്ന കായ്മത്തിൽ എത്രത്തോളം കശ്നമായ നടപടികൾ നടത്തിയിരുന്നുവോ അതിൽ ഒട്ടും വ്യത്യാസമില്ലാത്ത ഒരന്തരീക്ഷമാണു് ഇപ്പോഴും കാണുന്നതു്. അതു പാടില്ലെന്നു പറയുവാനും കർഷകന്മാരെ കർഷകന്മാരായിത്തന്നെ നിലനിറുത്തുവാൻ വല്ല പോംവഴിയും ഉണ്ടെങ്കിൽ അതു് ചെയ്തുകൊടുക്കണമെന്നാവശ്യപ്പെടുവാനും ഗവൺമ്മെൻറ മുമ്പു ചെയ്യിട്ടുള്ള വാഗ്ദാനം ലംഘിച്ചതിനു് അനുസ്മരിപ്പിക്കുവാനും വേണ്ടിയാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടു വന്നിട്ടുള്ളതു്. ഇപ്പോൾ ഒരു മോറട്ടോറിയം കൊണ്ടു് കർഷകന്മാരെ രക്ഷിക്കേണ്ട ഘട്ടം അതിസന്നമായിരിക്കുന്നു എന്നു ഗവൺമ്മെൻറ വിളംബരംമൂലം സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ പുതിയ വിളംബരംകൊണ്ടു തന്നെ കർഷകന്മാർക്കു ചില അസാധാരണ സംരക്ഷണങ്ങൾ ചെയ്യേണ്ടതാണെന്നു ഗവൺമ്മെൻറ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. അതിൻെറ വേറെ ഒരു വശം മാത്രമാണു് കടക്കാരായ കർഷകന്മാരും ഗവൺമ്മെൻറും തമ്മിലുള്ള പ്രസ്തുതാവസ്ഥയിലിരിക്കുന്ന ബന്ധം. മറേതു് കടക്കാരും പണക്കൊടുപടക്കാരും തമ്മിൽ ഉള്ളതാണു്. ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തിനു് ഒരു അറുതി വരുത്തുവാൻവേണ്ടി ഒരു പ്രായോഗിക പദ്ധതി നടപ്പിൽ വരുന്നതുവരെ റവന്യൂ പിരിക്കുവാൻ വേണ്ടിയുള്ള ഭൂമി വില്പന താൽക്കാലികമായി നിറുത്തലാക്കണം. ഗവൺമ്മെൻറിനു നികുതി പിരിക്കണ്ടേ എന്നു ചോദിച്ചാൽ അതിനു ഭൂമി വില്പന കൂടാതേയും പല വഴികളുമുണ്ടു്. അവരെ നടപ്പാട്ടത്തിൽ നിറുത്താം. ഭൂമി ജപ്തിചെയ്യിടാം. അതൊന്നും ചെയ്യാതെ കശ്നമായ രൂപത്തിൽ ഭൂമി വില്പന നടത്തുന്നതു ശരിയല്ല. അതുകൊണ്ടു് ഉദ്ദ്യോഗസ്ഥന്മാരുടെ പകരം മാറ്റവിധത്തിലുള്ള ഇളവുകളും, നീട്ടിക്കൊടുക്കലും, നികുതി പിരിക്കുന്ന കായ്മത്തിൽ ചെയ്യു, കർഷകന്മാരെ രക്ഷിക്കണമെന്നു മാത്രമേ ഈ ഉപക്ഷേപം ഉദ്ദേശിക്കുന്നുള്ളു.

Mr. President:—The House stands adjourned to quarter past two.

The House rose for lunch at 1 p. m. and re-assembled at 2-15 p. m. with the Deputy President in the Chair.

Mr. A. Eachara Menon:—Mr. President, Sir, I support the motion. In supporting the motion, we do not ask the Government to give up a single pie of what they ought to get. We only request them not to resort to the sale of the lands. They have other means of getting their money by keeping the lands under the process of

LIBRARY ARCHIVES Kerala Legislative Assembly

Nadupattom. If that were resorted to, owners of the lands have a chance of getting back their lands. It may be true that if the lands go out of the hands of the owners, they would not be looked after well by those who take possession of it. That cannot be helped. Our only request is not to resort to the sale of lands, but to keep them so that the owners may be able to re-gain them, if it is possible, within the course of some time, namely 3 years. With this request, I beg to support the motion.

മിസ്റ്റർ പോപ്പറ്റ്ലാൽ ഗോവർദ്ധനലാലൻ:— സർ, കർഷകന്മാരെ സഹായിക്കുന്ന എതൊരു കടുമോഷനേയും പിൻതാങ്ങുവാൻ എനിക്കു ഉത്സാഹം തോന്നുന്നുണ്ടെങ്കിലും ഇപ്രകാരമാണു് ഗവർമ്മെൻറു കർഷകന്മാരെ സഹായിക്കുവാൻ വിചാരിക്കുന്നതെങ്കിൽ അതു വളരെ കഷ്ടംതന്നെയാണു്. ബഹുമാനപ്പെട്ട ക്രാംഗന്നൂർമെമ്പർ ഇവിടെ അവതരിപ്പിച്ച കടുമോഷനെ കുറിച്ചു രണ്ടുവാക്കു പറയുവാൻ എനിക്കും അവസരം തന്നതിൽ ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. കർഷകരിൽ ഭൂരിഭാഗവും കച്ചവടക്കാർക്കാണു് പണം കൊടുക്കുവാനുള്ളതു്. ഇപ്പോഴത്തെ വിളംബരമനുസരിച്ചു് ആറു മാസക്കാലത്തേക്കു കർഷകന്മാരിൽനിന്നും കടങ്ങൾ പിരിക്കുവാൻ പാടില്ലെന്നു പറയുന്നതിൽ പിരിഞ്ഞുകിട്ടുവാനുള്ളവർക്കു എത്രമാത്രം സങ്കടം ഉണ്ടെന്നുള്ളതു ഗവർമ്മെൻറിനു മനസ്സിലാക്കുവാൻ കഴിയും. കർഷകന്മാർക്കു പണം മടക്കിക്കൊടുക്കുവാൻ കഷ്ടപ്പാടുള്ളതുപോലെതന്നെ ആ പണം മടക്കിക്കിട്ടേണ്ടവരായ കച്ചവടക്കാർക്കും കഷ്ടവും നഷ്ടവും ഉണ്ടാകുന്നുണ്ടു്. പണം കടം എടുത്തിട്ടുള്ളവരിൽനിന്നും പിരിപ്പിക്കുവാൻ പാടില്ലാത്ത ഒരു വിദ്യയാണു് ഇതു്. ഒരു വ്യാപാരിക്കു ഇന്നതു വരവുണ്ടു് എന്നു കണക്കുപുസ്തകത്തിൽ കാണുമെന്നല്ലാതെ ആ വരവു് അവരുടെ കച്ചവടത്തിനു ഉപകാരപ്പെടുന്നതല്ല. ഈ നിലയിൽ കച്ചവടക്കാർക്കു് നഷ്ടം വരുമ്പോൾ അവരിൽനിന്നും കണക്കുപുസ്തകപ്രകാരം ഈടാക്കിവരുന്നതിൽനിന്നു് ഇൻകംടാക്സുകൂടി ഗവർമ്മെൻറു ഇപ്പോൾ പിരിക്കരുതെന്നാണു് ഞാൻ പറയുന്നതു്. എന്റെ അഭിപ്രായത്തിൽ ഇങ്ങിനെ ഒരു വിളംബരം ഉണ്ടായിട്ടുള്ളതു് ഈവക സംഗതികളെക്കുറിച്ചു് ഒരു ദീർഘാലോചനയോ അന്വേഷണമോ കൂടാതേയും കൊച്ചീരാജ്യത്തിലെ മറ്റുള്ള ആളുകളുടെ അഭിപ്രായങ്ങൾ അറിയാതേയും ധൃതഗതിയിൽ ആയിട്ടുണ്ടു് എന്നാണു്. കർഷകന്മാരെ രക്ഷിക്കണമെന്നുള്ള കാര്യത്തിൽ ഞാൻ ഹൃദയപൂർവ്വമായി അനുകൂലിക്കുന്നു. പക്ഷെ അവരെ സഹായിക്കുന്നതുകൊണ്ടു് മറ്റുള്ളവർക്കു വന്നു കൂടുന്ന നഷ്ടം എത്രയാണു് എന്നുള്ളഭാഗം കൂടി നോക്കേണ്ടതുമതല ഗവർമ്മെൻറിനുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. മഹാരാജാവുതിരുമനസ്സിൽനിന്നും കല്പിച്ചുണ്ടായിട്ടുള്ള വിളംബരപ്രകാരം തിരുമനസ്സിലെ സന്താനങ്ങളായ ഈ നാട്ടിലെ ജനങ്ങളെല്ലാംതന്നെ കർഷക

LIBRARY ARCHIVES Kerala Legislative Assembly

ന്മാരാണ് എന്നുള്ള സ്മൃതി ഗവൺമെൻറ പ്രത്യേകം ശ്രദ്ധിക്കണം. കച്ച വടക്കാരും ഒരു പ്രകാരത്തിൽ കൃഷിക്കാർതന്നെ. കൃഷകർ നാട്ടിൽ ധാ ന്യങ്ങളെ നട്ടുവളർത്തുന്നുവെങ്കിൽ കച്ചവടക്കാർ ആ ധാന്യം വിറ്റഴിച്ചു കൃഷിക്കാരുടെ തൊഴിലിനെ പ്രോത്സാഹിപ്പിക്കുന്നവരാണ്. കൃഷി, കച്ച വടം, കൈത്തൊഴിൽ ഈ മൂന്നും ഒരു പടിയിൽതന്നെ ഗണിച്ചുവരേണ്ട താണ്. അതുകൊണ്ട് കൃഷകന്മാരുടെ കൂട്ടത്തിൽനിന്നും കച്ചവടക്കാരെ തള്ളിക്കളയരുതേ എന്നു ഞാൻ അപേക്ഷിക്കുന്നു.

കൃഷകന്മാരെ സഹായിക്കുന്നതോടുകൂടിത്തന്നെ നാട്ടിലെ വാണിജ്യം നശിക്കാതിരിക്കുവാൻവേണ്ടി പ്രത്യേകിച്ച് കച്ചവടക്കാരുടെ കാര്യത്തിൽ ഗവൺമെൻറും മേലുദ്യോഗസ്ഥന്മാരും ദൃഷ്ടിവെക്കണമെന്നാണ് എൻറെ അപേക്ഷ.

തിരുവിതാംകൂറിലും ഇതുപോലെതന്നെ ഒരു വിളംബരം അടുത്തുണ്ടാ യിട്ടുണ്ട്. പക്ഷേ എൻറെ ഭരണോപായത്തിലും അറിവിലും ആവക്ക് ഇ പ്പോൾ വിഘ്നിത്തരം വന്നിട്ടുണ്ടെന്നാണ തോന്നുന്നത്.

കച്ചവടക്കാരുടെപ്രധാന തൊഴിൽ നാനാദിക്കുകളിലേക്കും ചര ക്കുകൾ കടം കൊടുക്കുകയും അതിനുള്ള പണം അവധിയിട്ടു വാങ്ങിക്കുകയു മാണ്. ഇങ്ങിനെയുള്ള കൊടുക്കൽവാങ്ങലാണ് അവരുടെ പ്രധാന രീതി. ഈമാതിരിയുള്ള വാണിജ്യത്തിൻറെ അഭിവൃദ്ധിയെ തടയുവാൻ ഇടയാക. ത്തക്കവണ്ണം ബഹുമാന്യപ്പെട്ട ഗവൺമെൻറ് ഇങ്ങിനെ ഒരു കോടാലി എടു ത്തു് എറിഞ്ഞതു് എവിടെച്ചെന്നാണെ കൊള്ളുവാൻപോകുന്നതെന്നു് ഞാൻ അറിയുന്നില്ല. വാങ്ങിച്ചാൽ കൊടുക്കരുതു് എന്നൊരു വിളംബ രം ചെയ്യുന്നതിലും ഭേദം കഴിയുന്നതും വേഗത്തിൽ കൊടുത്തുകൊ ള്ളണമെന്നൊരു നിലയെങ്കിൽ ഈ രാജ്യത്തെ ജനങ്ങളെല്ലാം വളരെ മ യ്യാദയുള്ളവരായിരിക്കും. അല്ലാത്തപക്ഷം, കൊടുത്തപണം പോലിക്കു വാൻ ചെല്ലുന്നവർക്ക് ഉലക്കയുടെ അടികൊള്ളുന്നമാതിരിയുള്ള ഒരു മറുപ ടിയാണ കിട്ടുക. കടം കൊടുത്തതു മടക്കിക്കൊടുക്കണ്ട എന്നു് കൃഷ്ക ന്മാരെ ഗ്രഹിപ്പിക്കുന്നവിധം ഒരു വിളംബരം ചെയ്യുന്നുവെങ്കിൽ എന്തി നാണ് കൃഷ്കന്മാരിൽനിന്നും ഗവൺമെൻറ കരവും, പാട്ടവും കൃത്യമായ നടപടിമൂലം ഈടാക്കി വരുന്നതു്? പ്രജകൾ തമ്മിൽ കൊടുക്കൽ വാങ്ങൽ പാടില്ലെന്നാണെങ്കിൽ പ്രജകളിൽനിന്നും ആദ്യമായി ഗവൺമെ ൻറിൻറെ ഈ രീതിയിലുള്ള പിരിവു നിറുത്തുക. അപ്പോൾ മാത്രമേ ഇതി നെക്കുറിച്ചുള്ള വിഷമങ്ങൾ എത്രത്തോളമുണ്ടെന്നറിയുവാനുള്ള ഒരു വഴിയും ഗവൺമെൻറിനുണ്ടാകയുള്ളൂ. വിദ്യാഭ്യാസം ധാരാളമുള്ള ഈ രാജ്യത്തു് ഒരു തരത്തിലുള്ള അന്വേഷണവും ആലോചനയും കൂടാതെ ഇപ്രകാരം ഒരു വിളംബരം കൊണ്ടുവന്നു് കച്ചവടക്കാരെ അപമാനിക്കുവാൻ ഇടയാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

തിൽ ഞാൻ സങ്കടപ്പെടുന്നു. ബഹുമാനപ്പെട്ട തൃശ്ശൂർമെമ്പർ പറഞ്ഞതുപോലെ എല്ലാ കാര്യത്തിനും ഒരു നയവും ദീഘ്രാലോചനയും കൂടാതെ എതെല്ലാംതരത്തിൽ ആക്കെല്ലാം ബുദ്ധിമുട്ടുകളുണ്ടാകുമെന്നറിയാതെ പ്രവൃത്തിച്ചാൽ പെട്ടെന്ന് അതിൽനിന്നും പിൻവലിക്കുവാൻ വളരെ പ്രയാസമുണ്ട്. അതിനാൽ ഇക്കാര്യത്തിൽ മട്ടാഞ്ചേരിയിൽ പ്ലേഗ് ഉണ്ടെന്നു ഡിക്ലേർചെയ്തു അതിനെ പിൻവലിക്കുവാൻ ഗവൺമെൻറ പ്രയാസപ്പെട്ടതുപോലെയാക്കിത്തീർക്കുവാൻ ഇടവരരുതു്. എൻറെ അഭിപ്രായത്തിൽ കഴിയുമെങ്കിൽ കഷ്ടകാലമാക്കു ഒരു നല്ലകാലം വരുന്നതുവരെ ഇപ്പോഴത്തെ വികൃതി മുഴുവൻ തല്ക്കാലത്തേക്കു് ചുളുവുചെയ്തുകൊടുക്കുകയാണു വേണ്ടതു്. അവക്കു നല്ലകാലം വരുമ്പോൾ അതെല്ലാം നമുക്കു പിരിക്കുകയും ചെയ്യാം. അതുകൊണ്ടു കച്ചവടക്കാരുടെ രക്ഷകൂടി ഈ സംഗതിയിൽ നോക്കണമെന്നു് എനിക്കു പ്രത്യേകം അപേക്ഷയുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ:—സർ, ഈ കടുമോഷനെ സംബന്ധിച്ചാത്ത മാതിരി ഒരഭിപ്രായം ഇവിടെ വന്നതിനു സമാധാനം പറയേണ്ട ആവശ്യമുണ്ടു്. കച്ചവടക്കാർ ഇവിടെ വന്നു താമസിക്കുന്നതു് ഈ രാജ്യത്തെ രക്ഷിക്കുവാൻ വേണ്ടിയല്ല; എന്തെങ്കിലും ആദായമുണ്ടാക്കണമെന്നമാത്രമാണു് അവരുടെ ഉദ്ദേശം. കച്ചവടക്കാരുടെ ഉദ്ദേശം അതല്ലെന്നു നിങ്ങളാരും തെറ്റിദ്ധരിക്കുരുതു്. ഗവൺമെൻറിൻറെ ഈ പ്രോക്ലമേഷൻകൊണ്ടു കച്ചവടക്കാരെല്ലാം വെളിയിൽപോകേണ്ടിവരുമെന്നുള്ളതു് അവർ സാധാരണ പറഞ്ഞുവരുന്ന ഒരു രീതിയാണു്. എന്തെങ്കിലും ആവശ്യമായ ആനുകൂല്യം ഭൂരിപക്ഷം ജനങ്ങൾക്കു ചെയ്യുന്നതിനു് എതിരായ കച്ചവടക്കാരുടെ ഭാവി അനുകമ്പനീയമാണു്. ഗവൺമെൻറുപോലും ചെയ്യുന്ന ഇത്ര നിസ്സാരമായ ആനുകൂല്യംചെയ്യുന്നതിനു് സമ്മതമില്ലാത്ത കച്ചവടക്കാരോടു ഞാൻ പറയുന്നതു് അവർ കച്ചവടത്തിൻറെ ശാസ്ത്രം പഠിക്കാത്തതുകൊണ്ടു് അങ്ങിനെ പറയുന്നു എന്നാണു്. കച്ചവടക്കാർക്കു തല്ക്കാലം രാജ്യത്തിനാവശ്യമായ ഇങ്ങിനെയുള്ള ചില നീക്കുപോക്കുകൾ ചെയ്യുന്നകാര്യത്തിൽ കച്ചവടക്കാർ എപ്പോഴും ഗവൺമെൻറിനെ സഹായിക്കയാണു വേണ്ടതു്. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ കച്ചവടസംഗതിയിൽ പറയുന്ന ഈ അഭിപ്രായം കച്ചവടക്കാരുടെ പൊതുവെയുള്ള അഭിപ്രായമല്ലെന്നു ഞാൻ വിശ്വസിക്കുന്നു. ആ മെമ്പർ കച്ചവടക്കാരുടെ ശരിയായ പ്രതിനിധ്യത്തോടുകൂടിയാണു് ഈ അഭിപ്രായം പറഞ്ഞതെങ്കിൽ ഞാൻ കച്ചവടക്കാരുടെ ഭാവിയിൽ അനുകമ്പ കാണിക്കേണ്ടിയിരിക്കുന്നു.

Mr. E. P. Bhaskara Menon:—President, Sir, much as I would appreciate the arguments held out by the Hon'ble Member for

LIBRARY ARCHIVES Kerala Legislative Assembly

Mattancherri, I am forced to place before the House certain points of difference. I cannot agree with him in the comparison he has held out between income-tax and tax on land.

The motion before the House is to restrain sale of lands for arrears of revenue. By a wide stretch of imagination, the Hon'ble Member has been able to compare this with the income-tax levied on profits. If my ideas of income-tax are correct, I presume that income-tax is levied by the Government on actual proceeds, on accounts. But that is not the case with land revenue. If, at any time, any Government thinks of taxing land only on actual proceeds, I dare say that none of these relief measures will have to be effected. It has not been the custom of any Government to levy land revenue on actual proceeds. If our Government is prepared to levy revenue on actual proceeds, I say none of these measures need be executed now. Not that I want the Government to levy income-tax. On my part, I would never stand with the Government to impose any tax on the poor subjects. But I cannot compare favourably the income-tax that is levied on actual proceeds with the time-honoured land revenue assessed on lands in the State. I do not think there is any great danger wrought to the merchants of the land, by any benefit being conferred upon the agriculturists of the land. Only if the merchants do not get something along with the landholders, they should not envy such a position. With this statement, I strongly support the motion.

മിസ്റ്റർ. കെ. എം. കുഞ്ഞുമൊയ്തീൻ:—ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ള ചില അഭിപ്രായങ്ങളോടു യോജിയ്ക്കുവാൻ എനിയ്ക്കു നിവൃത്തിയില്ല. വാങ്ങിയാൽ കൊടുക്കേണ്ട എന്നുള്ള ഒരഭിപ്രായമാണ് ഈ വിളംബരം കൊണ്ടു പുറപ്പെട്ടിട്ടുള്ളതെന്നു പറയുന്നതിനു വാസ്തവത്തിൽ യാതൊരു അർത്ഥവുമില്ല. കൊച്ചിയിലാണെങ്കിൽ പൊളിഞ്ഞുപോയിട്ടുള്ള കച്ചവടക്കാരെക്കുറിച്ചു് എനിയ്ക്കു ധാരാളം അറിയാം. അങ്ങിനെയുള്ള പൊളിച്ചിൽകൊണ്ടു് അപ്രത്യക്ഷരായിട്ടുള്ള കച്ചവടക്കാരെക്കുറിച്ചു് മട്ടാഞ്ചേരി മെമ്പർ കൃഷിക്കാരുടെ കഴിവുകേടു കൊണ്ടാണെന്നു് മറ്റു തരത്തിൽ വ്യാഖ്യാനിയ്ക്കുന്നതു് എന്തു കൊണ്ടാണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. പണം കടം വാങ്ങിട്ടുള്ളവർക്കു് അവരുടെ ശക്തിക്കുറവുകൊണ്ടോ കഴിവില്ലായ്മകൊണ്ടോ മടക്കിക്കൊടുക്കുവാൻ സാധിയ്ക്കാതെ വരുമ്പോൾ കച്ചവടക്കാർ തന്നെ അവരിൽനിന്നും ഒരു ഉറപ്പിക്കയ്ക്കു് ഒരണയും രണ്ടണയും പീതം ഈടാക്കി വരുന്നതായി ഞാൻ കണ്ടുവരാറുണ്ടു്. യഥാർത്ഥത്തിൽ ഇങ്ങിനെയുള്ള പൊളിച്ചിൽ കൊണ്ടാണു് കച്ചവടക്കാർക്കു വിഷമങ്ങൾ വന്നിട്ടുള്ളതെന്നു് എനിയ്ക്കു തോന്നുന്നില്ല. കർഷകന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ വസ്തുക്കൾ മാത്രമാണു് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥമായ ധനം. കച്ചവടക്കാർക്കുള്ള ധനം അവരുടെ പണപ്പെട്ടിക ളാണ്. ഇന്ന് സാധുക്കളായ കർഷകന്മാർ അവരുടെ വസ്തുവിന്മേൽ അനു ഭവിയ്ക്കുന്ന വിഷമങ്ങളെല്ലാം നാം കണ്ടു വരുന്നുണ്ട്. ഈ സ്ഥിതി അവ രിൽ വന്നാൽ വാങ്ങിച്ചതു കൊടുക്കുവാൻ പാടില്ലെന്നുള്ള അഭിപ്രായമാ ണെന്നു ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞതു ശരിയല്ല. കർഷക ന്മാർ യഥാർത്ഥത്തിൽ വിഷമിയ്ക്കുകയും കടം കൊണ്ടു ബുദ്ധിമുട്ടുകയും ചെ യ്യുന്ന ഈ അവസരത്തിൽ അവരെ ആ വിഷമസ്ഥിതികളിൽനിന്നും, അ സഹനീയമായ കഷ്ടപ്പാടുകളിൽനിന്നും രക്ഷിയ്ക്കുകയെന്നുള്ളതാണ് ഈ കടമോഷനിൽ പറയുന്നതിന്റെ അർത്ഥം. വാങ്ങിച്ചപണം മടക്കിക്കൊ ടുക്കുവാൻ സാധിയ്ക്കാതെ വിഷമിയ്ക്കുന്ന ഈ സാധുക്കളുടെ കാര്യത്തിൽ ഇപ്രകാരമുള്ള നീതിന്യായശാസ്ത്രങ്ങളൊന്നും എടുത്തു കാണിയ്ക്കേണ്ട ആവ ശ്യമില്ല. ആരെങ്കിലും വിഷമിയ്ക്കുന്നുണ്ടെങ്കിൽ അവരെ സഹായിയ്ക്കുവാൻ വേണ്ടി ആ വിഷമങ്ങളെ ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്തുക എന്നു മാത്രമുള്ളതാണ് ഈ ഉപക്ഷേപംകൊണ്ടു ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളതു്.

സാധാരണയായി നിസ്സാരമായ കരകൂടിശ്ശിഖയ്ക്കുവേണ്ടി ആയിരവും പതിനായിരവും ഉറുപ്പിക വില വരുന്ന ഭൂമികൾ വിറ്റു പോകുന്നതായ ദുസ്സഹമായ അവസ്ഥകൾ ഗവർമ്മെൻറ കണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ മെമ്പറവർകൾ ഇവിടെ പ്രസ്താവിച്ചതുപോലെതന്നെ കാലം ക ഴിയുന്തോറും വിഷമങ്ങൾ കൂടിക്കൂടി വരികയാണു ചെയ്യുന്നതു്. ആ ഒരു ദൃഷ്ടാന്തംകൊണ്ടുതന്നെ ഗവർമ്മെൻറ് ഈ കാര്യത്തിൽ ഉത്സാഹപൂർവ്വം ശ്രദ്ധ കാണിയ്ക്കുമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിയ്ക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി:—സർ, ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ വ്യാപാരത്തെ സംബന്ധിച്ച ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചപ്പോൾ അതിനെ എതിർത്തുകൊണ്ടാണെങ്കിലും വ്യാപാരത്തേയോ അതു സംബ ന്ധിച്ചുള്ള പ്രവൃത്തികളേയോ നല്ലപോലെ മനസ്സിലാക്കാത്ത നിലയിൽ ബഹുമാനപ്പെട്ട തെക്കെ ഈഴവ നിയോജകമണ്ഡല പ്രതിനിധി ചില സംഗതികൾ ഇവിടെ പറയുകയുണ്ടായി. വ്യാപാരികൾ ബഹുമാന പ്പെട്ട മെമ്പർ വിചാരിക്കുന്നതുപോലെ അതിമഠയന്മാരല്ലെന്നു് എനിക്കു് ഈ അവസരത്തിൽ അദ്ദേഹത്തെ ധരിപ്പിക്കേണ്ട ചുമതല വന്നിരിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ:—ഞാൻ വ്യാപാരികളെ പൊതുവേ പറ ഞ്ഞിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി:—അതിനുതന്നെയാണു് ഞാൻ മറുപടി പറ യുന്നതു്. ഇവിടെ കടലാസിൽ അച്ചടിച്ചു വന്നിട്ടുള്ളതും ഗവർമ്മെൻറ പ്രസിദ്ധപ്പെടുത്തീട്ടുള്ളതുമായ ഈ വിളംബരം വായിച്ചാൽ ബഹുമാനപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ട്ട മെമ്പറപ്പോലെതന്നെ എനിക്കും മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. ഞാൻ കേവലം വ്യാപാരികളെ പ്രതിനിധീകരിച്ചു കൊണ്ടല്ല ഇവിടെ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ ഈ വിളംബരത്തെ സംബന്ധിച്ചു സംസാരിച്ച സംഗതികൾ മുഴുവൻ വാസ്തവമാണ്. എന്നാൽ അദ്ദേഹത്തിന്റെ സംസാരം മലയാളത്തിലായിരുന്നതു കൊണ്ട് ചില കുഴപ്പമുണ്ടെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെക്കുറിച്ചു് തെറ്റിദ്ധരിയ്ക്കേണ്ട ആവശ്യമില്ല. ഗവൺമ്മെന്റ് കർഷകന്മാർക്കു ചെയ്തുകൊടുക്കുവാൻ വിചാരിക്കുന്ന അനുകൂല്യങ്ങൾക്കു കണിശമായും കൃഷിക്കാരേക്കാൾ കച്ചവടക്കാർ സന്തോഷമുള്ളവരായിരിക്കുന്നതാണ്. കൃഷിക്കാരുടെ നന്മയും തിന്മയും പ്രധാനമായി വ്യാപാരികളെ ആശ്രയിച്ചാണിരിക്കുന്നതു്. (ഹീയർ, ഹീയർ.) കർഷകന്മാർ എപ്പോൾ മോശപ്പെടുന്നുവോ ആ അവസരത്തിൽ വ്യാപാരികളും മോശപ്പെടുമെന്നുള്ളതു തീച്ചയാണ്. വ്യാപാരികളിൽനിന്നും കർഷകന്മാർ വാങ്ങുന്ന സംഖ്യ യഥാവസരം ഈടാക്കുവാൻ കഴിയാതെവരുമ്പോൾ — കർഷകന്മാർ കൃഷിചെയ്യുന്നതിനാവശ്യമുള്ള സാധനങ്ങൾക്കു് തക്ക വില കിട്ടിയില്ലാതെ വരുമ്പോൾ — വ്യാപാരികൾ പെട്ടെന്നു പോകുകയാണെന്നതു പതിവു്. അതുകൊണ്ടു് ഈ സംഗതിയിൽ ഇരുകൂട്ടരും കരുതലോടെ സൂക്ഷിച്ചു നടക്കുന്നതായി കാണുവാൻ കഴിയും.

വ്യാപാരികൾ കർഷകന്മാർക്കു കടംകൊടുക്കുകയാണെങ്കിൽ അതു് ഈടാക്കുവാൻവേണ്ടി വിളംബരത്തിൽ പറയുന്ന നടപടികൾ മാത്രമേ നടത്തുവാൻ നിവൃത്തിയുള്ളൂ. കർഷകന്മാർക്കു കടംകൊടുത്തുവരുന്ന സംഖ്യയിൽ അധികവും വ്യാപാരികൾ, വിദേശങ്ങളിലെ വ്യാപാരികളിൽനിന്നാണു് കടം വാങ്ങുന്നതു്. അങ്ങിനെവരുമ്പോൾ വിദേശങ്ങളിൽനിന്നും വരുന്ന വ്യാപാരികളും ഈ വ്യാപാരികളുടെ മേൽ വിളംബരമനുസരിച്ചുള്ള നടപടികളേ നടത്തുവാൻപാടുള്ളുവെന്നൊരു നിയമവുംകൂടി അതിൽ ഉൾപ്പെടുത്തണമെന്നുള്ളതാണു് വ്യാപാരികൾക്കു് ഉദ്ദേശമുള്ളതായി ഞാൻ അറിയുന്നു. വ്യാപാരികൾ പുറമെനിന്നും കടംവാങ്ങി കൃഷിക്കാർക്കു കടം കൊടുക്കുന്നു. കൃഷിക്കാർ അവരർഹിക്കുന്ന ചിലവു ചെയ്യുവാനുള്ള സാമർത്ഥ്യക്കുറവുകൊണ്ടു് ആവശ്യമില്ലാത്ത കാര്യങ്ങൾക്കുംകൂടി വിനിയോഗിക്കുന്നിമിത്തം കടം വാങ്ങിച്ച സംഖ്യ തിരിച്ചുകൊടുക്കുവാൻ സാധിക്കാതെവരികയാകുന്നു. ഇതാണു് കടങ്ങൾ വർദ്ധിക്കുവാനുണ്ടാകുന്ന ചില പ്രധാന കാരണങ്ങൾ. അതുപോലെതന്നെ ഇവിടത്തെ വ്യാപാരികളും വിദേശവ്യാപാരികൾക്കു് കടക്കാരായിത്തീരുന്നുണ്ട്. അതുകൊണ്ടു് അവർക്കുകൂടി ഒരു രക്ഷ ചെയ്തുകൊടുക്കണമെന്നുള്ള വ്യാപാരികളുടെ ന്യായമായ അപേക്ഷയെ ഗവൺമ്മെന്റ് അവഗണിക്കരുതെന്നാണു് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:— സർ, ഈ വിഷയത്തെ സംബന്ധിച്ച് രണ്ടുവാക്കു പറയണമെന്നു മാത്രമേ ഞാൻ വിചാരിയ്ക്കുന്നുള്ളു. ഈ വിഷയത്തിൽ അടങ്ങിയിരിയ്ക്കുന്ന സംഗതി നികുതികൊടുക്കുവാൻ സാധിയ്ക്കാത്തവരായിട്ടുള്ള കൃഷ്കന്മാരുടെ പേരിൽ ഗവർമ്മെൻറിൽനിന്നും നിബ്ബന്ധപൂർവ്വമായി ചില നടപടികൾ നടത്തുന്നതു ശരിയല്ലെന്നു പറയുന്നതിനാണ്. ഈ അടുത്തുണ്ടായ വിളംബരം കച്ചവടക്കാരായിട്ടുള്ളവർ—അല്ലെങ്കിൽ കൃഷ്കന്മാർതന്നെയാകട്ടെ അവർ—മറ്റു കൃഷ്കന്മാരുടെപേരിൽ എന്തെങ്കിലും വിധി സമ്പാദിയ്ക്കുന്നതായാൽ ആ വിധി നിബ്ബന്ധപൂർവ്വം നടത്തുവാൻ പാടില്ലെന്നുള്ളതാണ്. ഇതു രണ്ടും ഒരേ നിലയിലാണിരിയ്ക്കുന്നതു്. ഗവർമ്മെൻറിൽനിന്നു കച്ചവടക്കാർക്ക് എതിരായി കൃഷ്കന്മാരുടെപേരിൽ നിബ്ബന്ധമായി നടപടി നടത്തുവാൻപാടില്ലെന്നു പറയുകയാണെങ്കിൽ ആ തത്വമനുസരിച്ചുതന്നെ കൃഷ്കന്മാർ ഗവർമ്മെൻറിലേക്കു സംഖ്യ കൊടുക്കുവാനുണ്ടെങ്കിൽ ഗവർമ്മെൻറിൽനിന്നും അവരുടെപേരിലും നിബ്ബന്ധനടപടിനടത്തുവാൻ പാടില്ലെന്നാണ് ഈ കട്ട്മോഷൻകൊണ്ട് ഉദ്ദേശിച്ചിരിയ്ക്കുന്നതു്. അതുകൊണ്ട് ഈ കായ്യവും ഗവർമ്മെൻറു ചെയ്യുകൊടുക്കേണ്ടതാണ്. അല്ലെങ്കിൽ ഈ തത്വത്തിനു് എതിരായി ഗവർമ്മെൻറിനു പ്രവൃത്തിക്കേണ്ടി വരുന്നതാണ്. ഈ സംഗതിയെ സംബന്ധിച്ചുതന്നെ ഇതിനു മുമ്പിൽ ഈ ഹൌസിൽവച്ചു പ്രസ്താവിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഇക്കായ്യത്തിൽ എത്രമാത്രം വിഷമങ്ങളുണ്ടെന്നു ഗവർമ്മെൻറിനു പ്രസ്പഷ്ടമാകുന്നതാണ്. ഗവർമ്മെൻറ് ഇപ്പോൾ എന്തെങ്കിലും നിലയിൽ തെറ്റു ചെയ്യുവെന്നോ, അല്ലെങ്കിൽ ശരിയായിട്ടാണു പ്രവൃത്തിച്ചതെന്നോ ഗവർമ്മെൻറിനു തോന്നുന്നുണ്ടെങ്കിൽ അതിൻറെ പ്രായശ്ചിത്തമെന്നുള്ള നിലയിൽ ഈ സംഗതി ചെയ്തുകൊടുക്കേണ്ടതാണ്. അതുകൊണ്ട് തീച്ചയായും ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിയ്ക്കുക മാത്രമാണു ചെയ്യുന്നതു്. (ഹിയർ ഹിയർ)

ഇനി മറ്റൊരു സംഗതികൂടി എനിയ്ക്കു പറവാനുണ്ട്. ഈ രാജ്യത്തിൽ പല തരത്തിലുള്ള പ്രസ്ഥാനങ്ങളുണ്ട്. കച്ചവടം, കൃഷി, വ്യവസായം തുടങ്ങിയുള്ള പല വ്യവസായങ്ങളും ഈ രാജ്യത്തിലുണ്ട്. അതിൽ ഏതെങ്കിലും കുന്നിൽ കൈവയ്ക്കുമ്പോൾ മറ്റേതു പ്രസ്ഥാനത്തിനാണ് ദോഷം വരുന്നതെന്നു് ഗവർമ്മെൻറു ഗാഢമായി ചിന്തിയ്ക്കേണ്ട ഒരു വിഷയമാണ്. ഗവർമ്മെൻറിൽനിന്നും ഈ പ്രോക്ളമേഷനെ സംബന്ധിച്ചു ശരിയായി ചിന്തിച്ചിട്ടുണ്ടോ എന്നു് എനിയ്ക്കു സംശയമില്ലാതെയില്ല. ഇതുയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar:— Under Standing Order 25, I propose that the discussion on this motion be closed.

Mr. T. K. Nayar:— I second it.

Motion put and carried.

Mr. K. Achyuta Menon:— Mr. President, Sir, there is a certain amount of superficial attractiveness about the recommendations sought to be emphasised by the cut motion, which makes the task of opposing it difficult. It will look rather curious, if any person objects to taking a step in relief of aggrarian distress in the State. But speaking on behalf of the Government, I would request the Hon'ble Members of the House, to examine this question a little more in detail, before Hon'ble Members make up their minds to vote on behalf of the cut motion. We start with this fact, an undeniable fact, that the land revenue forms one of our chief sources of revenue—I would not put it as the main source. Let us now pass on to the second and the main implication involved in this cut motion. We are told that year after year the sales for default of payment of land revenue are increasing. Therefore, the recommendation sought to be conveyed by the cut motion is to either stop sales for arrears of revenue or take to some other stated form of realisation, which I shall presently proceed to show, will not be an effective method of realisation at all.

Now, it seems to me the immediate result which follows is this:— There are two classes of people so far as the pattadars are concerned. There are some who can pay but who won't pay; there are some who cannot pay really and are therefore in need of help. The immediate effect will be to convert the first kind of people also into people who cannot pay. The only terror which we now hold out to them, if it be a terror at all, is the realisation by the so-called coercive steps. It is my experience, Sir, that even people who can pay, delay the payment till the last stage of the matter. Once they are told that hereafter there will be no sale for arrears of revenue, all those pattadars are sure to pose themselves as people who cannot pay. That is one difficulty.

What the Hon'ble Members think is that the motion is going to affect only those people who are really unable to pay. I say the immediate effect of this recommendation, if accepted, will be that many people who can afford to pay will not pay. That is a very serious matter, and if the land revenue suffers, to a corresponding extent, our expenditure on the utility departments will have to be curtailed. That is the one very serious aspect of the matter.

Then the question comes whether the Government can forsake revenue, because there are a few sales for default. The statistics,

LIBRARY ARCHIVES Kerala Legislative Assembly

the Hon'ble Members are aware, no doubt show that there are 431 sales in 1109. But the confirmation as the Hon'ble Members would have found from the Administration Report is only 103. That is one-fourth of the number of sales. And even in those cases of confirmation, Hon'ble Members should not take it that they evidence cases of sales of lands of persons who cannot pay tax. There are some cases where deliberately mortgages created by the pattadars are sought to be defeated by these sales; for, if a revenue sale takes place it kills absolutely all the mortgages. To prevent that contingency I tried one method, that is, to enable the mortgagees to register in my office their mortgages. The result has been disappointing.

I say, Sir, that these 103 sales which have been confirmed, do not represent sales owing to inability to pay. But the question is, because of that, whether we should stay collection of our revenues and whether it is practical. I do not deny that on account of the depression there has been an increasing difficulty to pay the tax. But, Sir, it is in my opinion not so pronounced as to call for a cessation of collection of the land tax in its entirety.

The alternative suggestion that we should place the properties on Nadupattom is beset with innumerable difficulties. The Land Revenue Manual distinctly says that placing property on Nadupattom is not the proper procedure in such cases. The Nadupattomdar holds the property free of all encumbrances. The mortgagee, if there is one, is defeated. The period of Nadupattom is determined by the Divan Peishkar. It is ordinarily for 6 years. I frankly entertain doubts whether the proposal to place the properties on Nadupattom is really in the interests of the tax-payer. It seems to me an exceptional remedy which should be resorted to in exceptional cases. When the Land Revenue Manual says that it should be resorted to in very exceptional cases the Hon'ble Members say that it should be made the rule. I would request the Hon'ble Members to examine those provisions a little more in detail before they finally make up their minds on the necessity, or feasibility or expediency of asking the Revenue Department to resort to Nadupattom for default of payment of revenue. It is also beset with very many practical difficulties. The land tax is payable by the landholder or the jenmy and the property may be in the possession of the tenant. By placing the lands on Nadupattom what does the Nadupattomdar get? The Regulation expressly protects the tenancy.

It is one of our requirements that we sell only as much land as is absolutely necessary for realising the tax. So that, if the field is 100 acres and one acre is sufficient to realise the tax, then the Nadupattomdar will get only 1/100 part of the entire field. There

LIBRARY ARCHIVES Kerala Legislative Assembly

is no apportionment of michavarom. The question is whether there would be people prepared to take up lands on Nadupattom, on such terms and subject to very many complications.

I submit to this House that before asking the Government to accept a recommendation of large magnitude and with such dangerous implications, Hon'ble Members would give to the proposal that attention that it deserves in accepting the motion.

I may say for the information of the House that abundant precautions exist even in the Land Revenue Manual to prevent hasty sales. We first issue a demand notice showing what the demand for the year is. We next issue another notice informing him that the lands will be auctioned. After that he has got one month. Then we attach the property. After attachment, there is one month for sale. After sale, there is one month for confirmation of sale. Even after that — I am letting you into a secret — I am very reluctant to confirm the sale. Every encouragement is given to these few people whose lands are sold. There are many methods of encouraging them. For instance, nothing prevents me from saying that the properties sold are vast in extent and the sale cannot be confirmed in appropriate cases. Where the price fetched is either inadequate or the property sold is more than what is actually required, the Diwan Peishkar has perfect liberty not to confirm the sale.

I submit therefore that the House will be pleased to take these things into consideration before voting for the motion.

മിസ്റ്റർ കെ. എം. ഇബ്രാഹിം:— മിസ്റ്റർ പ്രസിഡണ്ട്, അപ്പോത്തെ വാദങ്ങൾക്ക് ഒരു മറുപടി പറയുന്നതിനു മുമ്പായി ഇവിടെ പ്രാസംഗികന്മാർക്കുള്ള സമയം മുഴുവൻ ചില പഴമക്കാർ എടുത്തുകളഞ്ഞുവെന്നു പുതുമക്കാരായ യുവകേസരികൾക്കു ആക്ഷേപമുള്ളതായി ഞാൻ കണ്ണാകണ്ണികയാ കേട്ടതിന് ഒരു സമാധാനം പറയുവാനാണു വിചാരിക്കുന്നത്. അതിനു എനിക്കു പറയുവാനുള്ള സമാധാനം, ബഡ്ജറ്റ വിമർശനം നടന്ന അവസരത്തിൽ ഇങ്ങിനെയുള്ള പുതുമക്കാർക്കുവേണ്ടി ഞങ്ങളിൽ ചിലർ പ്രസംഗിക്കുകയെന്നുണ്ടായില്ല. ഞങ്ങളും അവരെപ്പോലെ കിടന്നു മേല്പോട്ടും കീഴ്പ്പോട്ടും ചാടിയിരുന്നുവെങ്കിൽ ഞങ്ങൾക്കും പ്രസംഗിക്കാമായിരുന്നു; അതുകൊണ്ട് ഉപക്ഷേപങ്ങൾക്കും പ്രമേയങ്ങൾക്കും നോട്ടീസ്സു കൊടുപ്പാനുള്ള അബദ്ധം ഞങ്ങൾക്കു വന്നുപോയതിനെ സദയം നമ്മുടെ യുവകേസരികൾ ക്ഷമിക്കണം. ഈ ഉപക്ഷേപത്തെക്കുറിച്ചു ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറഞ്ഞ മറുപടിയിൽ എനിക്കു വളരെ അത്ഭുതവും രസവുമാണ് തോന്നുന്നത്. ഒരൊറ്റ അവസരത്തിലെങ്കിലും ബഹുമാനപ്പെട്ട റവന്യൂമെമ്പർ ഇക്കാലമെല്ലാം അനുദ്യോഗപക്ഷത്തുനിന്നു

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെട്ട ഒരു ഉപക്ഷേപംപോലും സ്വീകരിച്ചതായ സ്മരണ എനിക്കില്ല. വേറെയുള്ള ഗവൺമെൻറുമെമ്പർമാരിൽ ചിലർ ചില അവസരങ്ങളിൽ അനുദ്യോഗസ്ഥന്മാരുടെ ഉപക്ഷേപങ്ങളും സ്വീകരിക്കാറുണ്ട്. എന്നാൽ ബഹുമാനപ്പെട്ട റവന്യൂമെമ്പർക്ക് എപ്പോഴും ഇപ്പുറത്തെ വാദങ്ങളെ എന്തെങ്കിലുംന്യായംപറഞ്ഞ് എതിർക്കണമെന്നേ ശാഠ്യമുള്ളൂ. ഗവൺമെൻറിനെ തെറ്റുപറയുകയേയില്ലെന്നാണവരുടെ മതം; ആ മതത്തെ പുലർത്തുവാനാണ് അപ്പുറം ചിലരിരിക്കുന്നതു്. ഗവൺമെൻറു ചെയ്യുന്ന എല്ലാ പ്രവൃത്തികളും ശരിയാണെന്നു കാണിക്കുവാൻവേണ്ടിയുള്ള ഗവൺമെൻറിൻെറ ഒരു പ്രതിപുരുഷനാണ് റവന്യൂമെമ്പറും. അതുകൊണ്ടാണ് ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു രക്ഷയും ചെയ്യുവാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇപ്പോഴുള്ള സവ്വ് നികുതികളും ഇളവുചെയ്യണമെന്നു് ഇപ്പോൾ ഒരു പ്രമേയം ഈ സഭയുടെ ആലോചനക്കായിക്കൊണ്ടുവന്നിട്ടില്ല. അതിൽ താല്ക്കാലികമായ ചില രക്ഷകൾ ചെയ്തുകൊടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്. നികുതി പിരിക്കേണ്ട അവശ്യമില്ലെന്നു ഞങ്ങൾ പറഞ്ഞിട്ടില്ല; വേണമെന്നതന്നെയാണ് ഞങ്ങളുടേയും അഭിപ്രായം. എന്നാൽ അതു് ഇപ്പോൾ പിരിച്ചുവരുന്നമാതിരിയിൽനിന്നു ചില ചില്ലറ വ്യത്യാസങ്ങൾ വരുത്തണമെന്നേ ഞങ്ങൾ ആവശ്യപ്പെട്ടുന്നുള്ളൂ. നികുതി പിരിയാതെ മുടക്കം വരുന്ന സംഖ്യകൾ തക്കതായ ഒരു പലിശവച്ചു് കഷ്ടകരിൽനിന്നു് ഈടാക്കിക്കൊള്ളണം. അതിനിടയ്ക്കു ഭൂമി നിബ്ബന്ധപൂർവ്വം വിറ്റുപോകുന്നതിനെ നിരോധിക്കുന്നതായ ഒരു നിയന്ത്രണം വേണമെന്നേ പറയുന്നുള്ളൂ. മറ്റിനങ്ങളിൽ കുടിശ്ശിക സംഖ്യകൾക്കു് ആദായം ഈടാക്കുന്ന തരത്തിൽ കഷ്ടകന്മാരുടെ കരുബാക്കിക്കും ആദായം ഈടാക്കുന്നതു് ഞങ്ങൾക്കും കഷ്ടകന്മാർക്കും സമ്മതംതന്നെയാണ്. കൊടുക്കണമെന്നു നിബ്ബന്ധമുള്ള ഭാഗ്യശാലികളായ ചില ആളുകളെക്കുറിച്ചു് ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ഞാൻ കേട്ടു. 'കൊടുക്കരുതു്' എന്ന നിബ്ബന്ധബുദ്ധിയാണ് ഒരു ഭൂരിപക്ഷത്തിനുണ്ടായിപ്പോയാൽ അതും വാസുവത്തിൽ വളരെ വിഷമമാണ്. ഇവിടെ കുറച്ചാളുകൾ മാത്രം ഭാഗ്യശാലികൾ ഉള്ളവർക്കു കരം കൃത്യമായി കൊടുക്കണമെന്നു നിബ്ബന്ധമുണ്ടായിരിക്കാം. അവരെ അനുബന്ധിച്ചു ഗുണംവാ ദോഷംവാ ഞങ്ങളൊന്നും പറയുന്നില്ല. നാട്ടിലുള്ള കൊടുക്കാത്തവരായ അധികം ആളുകൾക്കുംവേണ്ടിയാണു ഞങ്ങൾ കണ്ണീക്ഷോഭം ചെയ്യുന്നതു്. ആരുമാരും കേൾപ്പോരും കേൾവിയുമില്ലാതെ ആ ഭൂരിപക്ഷക്കാർ നശിച്ചുകൊള്ളട്ടേ എന്നാണോ ആ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്? ഇതിൽ പ്രധാനമായ ഒരു സംഗതികൂടിയുണ്ടു്; തങ്ങളുടെ വസ്തു വിറ്റുപോയാലുംകൂടി മനപൂർവ്വമായി സംഖ്യ കൊടുക്കുകയില്ലെന്നു ശഠിച്ചു കയ്യിലുള്ള പണം മുറുകെ പിടിച്ചുകൊണ്ടു് ഭൂമി വിറ്റുപോകുന്നതു കണ്ടുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ ആരെക്കിലും തലക്കു വല്ല കിറുക്കുമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഭൂമി മിറവപോകുമെന്നു വന്നാലും കയ്യിലുള്ള പണം കൊടുക്കുകയില്ലെങ്കിൽ അതു് കൂട്ടുകൂട്ടാത്ത കിറുക്കുതന്നെയായിരിക്കണം. (ചിരി) ഒരു കൃഷ്കന്റെ വിലയേറിയ ഭൂമികളാണു് വിറ്റുപോകുന്നു എന്നു് ഇന്നു മനസ്സിലായാൽ ഒരു നിവൃത്തിയുണ്ടെങ്കിൽ അയാൾ ഇന്നു കരക്കു ടിശ്ശിക കൊടുക്കാതിരിക്കുമോ? അതുകൊണ്ടു് അധികം ആളുകളും ഇപ്പോൾ മനഃപൂർവ്വമായി കൊടുക്കാതിരിക്കുന്നവരല്ലെന്നു തെളിയുന്നു. ഇപ്പോഴത്തെ രാജകീയ വിളംബരംകൊണ്ടുതന്നെ കൃഷികാരുടെ അശക്തിയെ ഗവൺമെന്റു സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അശക്തി വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഇന്നിയമസഭയിൽ മുഴങ്ങിക്കൊണ്ടിരുന്ന ഒരു ഹിമാലയൻവാസ്തവമാണു്. അല്ലാതെ ഇന്നു പുതുതായി കേൾപ്പിക്കുന്ന ഒരു പുതുമയല്ല എന്നു് എല്ലാവർക്കും അറിയാം. ഈദൃശ സംഗതികളെക്കുറിച്ചു പറയുമ്പോൾ 'വളരെ പുരാതനമായി ഈ തരക്കേടുകളെല്ലാം നിലനില്ക്കുന്നു; ഭൂരിപക്ഷവും കൈക്കുവാൻ മനസ്സില്ലാത്തവരാണു്; ആളെ വഞ്ചിക്കുന്നവരാണു്" എന്നൊക്കെ പറഞ്ഞാൽ അതൊരു ന്യായവാദമാകയില്ല.

ഭൂമി നടപ്പാട്ടത്തിൽനിന്നുന്നതിനെ സംബന്ധിച്ചുള്ള ചില വിഷമങ്ങളുണ്ടെന്നു് ഇവിടെ പറയുകയുണ്ടായി. ലാൻഡ്റവന്യൂമാനുവലിൽ വിവരിക്കുന്ന നിശ്ചയപ്രകാരം ചില വിഷമങ്ങൾ കിടക്കുന്നുപോൽ! നിങ്ങൾക്കു അതൊന്നു മാറ്റുവാൻപാടില്ലേ? ജനക്ഷേമത്തിനനുരൂപമായി വിൽസൺ നകൾ മാറ്റുവാനല്ലേ നിങ്ങൾക്കു ശമ്പളം തരുന്നതു്? നിലവിലുള്ള നിയമം മാറ്റാരുതരത്തിലുമെന്നു പറഞ്ഞുകൊണ്ടു് ജനക്ഷേമത്തെ എതിർക്കുന്നതു ശരിയല്ല. അതുകൊണ്ടു് ഇന്നത്തെ കൃഷികന്മാരുടെ കഴിവുകൾ അനുസരിച്ചു നിലവിലുള്ള നിയമങ്ങൾ മാറ്റുകയാണു വേണ്ടതു്. അല്ലാതെ ഞങ്ങളുടെനേരെ ഈ നിയമഖഡ്ഗം വീശുകയാണോ ചെയ്യേണ്ടതു്? ജനങ്ങളുടെ ഇപ്പോഴത്തെ പുറകോട്ടുകൾക്കു് ആവശ്യമായ നിലയിൽ നിയമങ്ങൾ മാറ്റുവാനുള്ള ചുമതല വഹിക്കേണ്ടതു നിങ്ങളാണു്. അതുകൊണ്ടു് നിലവിലുള്ള നിയമത്തിന്റെ കാര്യം ഈ വിഷയത്തിൽപറയുന്നതു ശരിയായിട്ടുള്ള ന്യായമല്ല.

ഈ കാര്യം എന്താണ്ടു് ഗവൺമെന്റുതന്നെ അവരുടെ വിളംബരം മൂലം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഗവൺമെന്റു ചില സംഗതികളിൽ കാണിച്ചുവരുന്നതായ വിട്ടുവീഴ്ചകളും സൌജന്യങ്ങളും ഈ കാര്യത്തിലും തുടർന്നുകൊണ്ടുപോകത്തക്കവണ്ണം ഗവൺമെന്റിനെ ഉൽബോധിപ്പിക്കുമാറു്, മാന്യമെമ്പർമാർ അവരുടെ വോട്ടു് ഇവിടെ വിനിയോഗിക്കണമെന്നു് എന്റെ സ്നേഹിതന്മാരോടു് അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു് ആവശ്യപ്പെടുന്നു.

Motion put and carried.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Ibrahim:— Poll, Sir.

AYES.

1. Mr. P. J. Alexander.
2. „ E. P. Bhaskara Menon.
3. „ George Parakkal.
4. „ P. Govinda Menon.
5. „ K. M. Ibrahim.
6. „ E. Ikkanda Warriar.
7. „ T. C. Iyyukutty.
8. „ C. R. Iyyunni.
9. „ Shabdai S. Koder.
10. „ V. K. Krishnankutty.
11. „ K. M. Kunhi Moideen.
12. „ V. K. Kutty.
13. Sreemathy P. Meenakshikutty
14. Mr. A. Narayana Menon. [Amma.
15. „ Popatlal Goverdhan Lalan.
16. „ T. A. Ramachandra Ayyar.
17. Mr. A. Sankara Menon.

NOES.

1. Mr. K. Achyuta Menon.
2. „ V. K. Aravindaksha Menon.
3. „ M. P. Cherian.
4. Miss. G. M. D'Souza.
5. Mr. K. Krishna Warriar.
6. „ V. S. Krishnan Vaidyan.
7. „ I. N. Menon.
8. „ K. Narayana Menon.
9. „ T. Narayana Menon.
10. „ T. S. Narayana Ayyar.
11. „ P. Nilakanta Menon.
12. Dr. D. Raghavendra Rao.
13. Rama Varmha Tampuran.
14. Dr. E. S. R. Menon,
15. Mr. P. V. Subramania Ayyar.
16. „ Thomas Manjuran.

Deputy President:— 17 for, 16 against. The motion is carried.

Mr. K. M. Ibrahim:— I have to make a request to the Hon'ble President. Yesterday the same was granted by the Chair. There are 3 or 4 motions in my name. I would request the President to allow the yesterday's practice of allowing the next gentleman to move his motion and then allow me to take up mine.

Motion No. 10.

Mr. P. C. Varkey:— *To reduce the allotment of Rs. 12,513 for Diwan Peishkar's Office Establishment by Rs. 100. (To raise a debate on the policy underlying some of the recent appointments made by the Diwan Peishkar and his subordinates).*

സർ, ഇതു ഗവൺമെൻറ സർവ്വീസ്സിലെ നിയമനകാര്യത്തെ സംബന്ധിച്ചുള്ള ഒരുപക്ഷേപമാണല്ലോ. ഈ വിഷയത്തെപ്പറ്റി ഇതിനു മുമ്പുതന്നെ ഈ സഭയിൽ പല വാദപ്രതിവാദങ്ങളും നടന്നിട്ടുള്ളതിനാൽ എൻെറ ഉപക്ഷേപം അവതരിപ്പിക്കേണ്ടാ എന്നാണ ഞാൻ ആദ്യം കരുതിയിരുന്നതു്. എന്നാൽ ഇപ്പോ കാലത്തെ യോഗത്തിലുണ്ടായ വാദപ്രതിവാദങ്ങളെപ്പറ്റി പിന്തിരിപ്പോൾ ഇതു് അവതരിപ്പിച്ചു കളയാമെന്നു തന്നെ തീരുമാനിച്ചു. പബ്ലിക്ക് സർവ്വീ

LIBRARY ARCHIVES Kerala Legislative Assembly

സ്സിലുള്ള അസമത്വങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി ഒരു പബ്ലിക്ക് സർവ്വീസ്സ് കമ്മീഷൻ ഏർപ്പെടുത്തണമെന്ന വാദം പരുങ്ങലിലും ഈ സഭയിൽ തന്നെയും തുടങ്ങിയിട്ട് ഏറെക്കാലമായി. ഓരോ ദിവസം ചെല്ലുന്തോറും, ആവശ്യമുള്ള ഒരു കാര്യമാണതെന്ന് ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടെന്നാണു തോന്നിയിരുന്നതു്. ആദ്യം ഈ വിഷയത്തെപ്പറ്റി ഇവിടെ സംഭാഷണങ്ങൾ—വാദപ്രതിവാദങ്ങൾ—നടന്നപ്പോൾ സർവ്വീസ്സിൽ സാമാന്യത്തിലധികം പ്രാതിനിദ്ധ്യമുള്ള വർഗ്ഗത്തിൽപെട്ട മെമ്പർമാർ വളരെ ഈഷ്യ പ്രകടിപ്പിച്ചതായി ഞാൻ ഓർക്കുന്നുണ്ടു്. ഈ നിയമസഭയുടെ പ്രാരംഭം മുതൽ ഗ്യാലറിയിലും സാമാജിക സ്ഥാനത്തുമിരുന്നു് സഭാനടപടികളെ പ്രായേണ സൂക്ഷ്മവീക്ഷണം ചെയ്തിട്ടുള്ള ഒരുവനാണു് ഞാൻ. ആ നിലയിൽ ഈ വിഷയത്തിന്റെ പുരോഗതിയെപ്പറ്റി നല്ലതിൻവണ്ണം മനസ്സിലാക്കുവാൻ എനിക്കു സാധിച്ചിട്ടുമുണ്ടു്. നിയമസഭ തുടങ്ങി കുറെക്കാലം കഴിഞ്ഞപ്പോൾ സമുദായ പ്രാതിനിദ്ധ്യവാദത്തെക്കുറിച്ചു സവർണ്ണജാതി മെമ്പർമാർ ആദ്യം അവലംബിച്ചിരുന്ന പ്രതികൂലഭാവം ഒട്ടൊക്കെ മാറി. സമുദായ പ്രാതിനിദ്ധ്യവാദികളുടെ വാദത്തിന്റെ ശക്തിയും പ്രാധാന്യവും എല്ലാമെമ്പർമാർക്കും മിക്കവാറും ബോദ്ധ്യം വന്നതായിട്ടാണു പിന്നീടു ഞാൻ കണ്ടതു്. ഗവൺമെൻറും ആ വാദത്തിന്റെ ന്യായതയെപ്പറ്റി ഒരു അനുകൂലമായ വീക്ഷണം തുടങ്ങുകയും ചെയ്തു. ഇതു് എന്തൊരു വമ്പിച്ച പ്രസ്താവനയല്ലെന്നുള്ളതു് ഈ കൌൺസിലിലെ പ്രൊസീഡിംഗ്സു വായിച്ചാൽ അറിയാവുന്നതാണു്. രണ്ടോ മൂന്നോ കൊല്ലങ്ങൾക്കുമുമ്പു് ഗവൺമെൻറു ഭാഗത്തുനിന്നുതന്നെ പബ്ലിക്ക് സർവ്വീസ്സ് കമ്മിഷൻ ഏർപ്പെടുത്താമെന്നു സമ്മതിച്ചു പ്രസ്താവിക്കുകയുണ്ടായി. അതിനുശേഷം ഒരു കൊല്ലത്തിൽപരം കാലം ഞാൻ കമ്മീഷന്റെ വരവു കാത്തിരുന്നു. ഉദ്യോഗനിയമനപ്പരാതിക്കു് എന്തെങ്കിലും ഒരു പ്രതിവിധി ഗവൺമെൻറു് ഉണ്ടാക്കുമെന്നു വിചാരിച്ചു. എന്നാൽ അതൊന്നും കാണായ്കയാൽ പബ്ലിക്ക് സർവ്വീസ്സ് കമ്മിഷൻ ഏർപ്പെടുത്തണമെന്ന വിഷയത്തെപ്പറ്റി ഈ സഭയിൽ ഞാൻ തന്നെ ഒരു പ്രമേയം ഹാജരാക്കുകയും എല്ലാ ജാതി മതസ്ഥന്മാരും ഉൾപ്പെട്ട ഈ സഭ അതിനെ അംഗീകരിക്കുകയും ചെയ്തു. ഇങ്ങിനെയെല്ലാമാണു് ഇതുവരെ കാര്യങ്ങൾ നടന്നുകൊണ്ടിരുന്നതു്. ഈ നിലയിൽ സമുദായ പ്രാതിനിദ്ധ്യവാദികളുടെ വാദത്തിന്റെ യുക്തിയും ന്യായവും ഗൌരവവും ഈ സഭ സ്വീകരിച്ചില്ലെന്നു സന്തോഷിച്ചുകൊണ്ടിരിക്കെ ഇന്നു കാലത്തു നടന്ന വാദപ്രതിവാദത്തിന്റെ ഗതി വളരെ ഭേദപ്പെട്ടു കണ്ടു. അതുകൊണ്ടാണു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുവാനും അതിനെപ്പറ്റി രണ്ടു വാക്കു സംസാരിക്കുവാനും തീർച്ചയാക്കിയതു്. ആദ്യം സർവ്വീസ്സിലുള്ള അസമത്വങ്ങളെ പരിഹരിക്കുവാൻ ഒരു കമ്മീഷൻ ഏർപ്പെടുത്താമെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ സമ്മതിച്ചു കഴിഞ്ഞിട്ട് അതു നീട്ടി നീട്ടിക്കൊണ്ടുപോയി; എന്നു മാത്രമല്ല ഈ സഭ അംഗീകരിച്ച പ്രസ്തുത പ്രശ്നത്തെ ഗവൺമെൻറ സ്വീകരിച്ചിട്ടില്ലെന്നുള്ള മട്ടിൽ ഇന്നു് ഗവർമ്മെൻറ ഭാഗത്തുനിന്നു ചില പ്രസ്താവനകളും ചെയ്തിരിക്കുന്നു. നിയമനങ്ങളെ സംബന്ധിച്ച് ഒരു ചട്ടം ഏർപ്പെടുത്താമോ എന്നു് ഈ യോഗത്തിൽ ചോദിച്ചപ്പോൾ ഗവൺമെൻറ ഭാഗത്തുനിന്നു പുറപ്പെട്ട മറുപടി തീരെ നിരാശാജനകമാണെന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. സമുദായ പ്രാതിനിദ്ധ്യവാദം വീണ്ടും വീണ്ടും ഇവിടെ കൊണ്ടുവരുന്നതു് ഈ രാജ്യത്തിലുള്ള ജനങ്ങളുടെയിടയിൽ സമാധാനവും സന്തുഷ്ടിയും ഉണ്ടാക്കുവാൻ വേണ്ടിയാണു്. അങ്ങിനെയിരിക്കെ ഗവർമ്മെൻറ് അതിനെ പ്രതികൂലിക്കുന്നതു കാണുമ്പോൾ വളരെ സങ്കടം തോന്നുന്നുണ്ടു്. ഞാൻ ഇവിടെ പറഞ്ഞ സംഗതിക്കു ഗവർമ്മെൻറ ഭാഗത്തുനിന്നുണ്ടായ മറുപടിയിൽനിന്നും നിയമനങ്ങളെ സംബന്ധിച്ചു് ഒരു ചട്ടംകൂടി ഏർപ്പെടുത്തേണ്ട ആവശ്യമില്ലെന്നു ഗവർമ്മെൻറ വിചാരിക്കുന്നതായിട്ടാണു ഞാൻ മനസ്സിലാക്കിയതു്. മിക്കവാറും നിയമനങ്ങൾ നിശ്ചിതമായ ഒരു ചട്ടത്തിൻറെ സഹായവും കൂടാതെ ന്യായമായി നടത്തി വരുന്നുണ്ടെന്നാണു് ഇന്നത്തെ പ്രസ്താവനയുടെ സാരം. എന്നാൽ യഥാർത്ഥം അതാണോ? എല്ലാസമുദായക്കാരുടേയും ന്യായമായ അവകാശങ്ങളെ സമാദരിച്ചാണോ നിയമനങ്ങൾ നടത്തുന്നതു്? അല്ലെന്നു പറയാൻ ധാരാളം കാരണങ്ങളുണ്ടു്. ഞാൻ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരിൽ ആരെക്കുറിച്ചെങ്കിലും കുറ്റം പറയുവാനോ അവർ വർഗ്ഗീയപക്ഷപാതികളാണെന്നു പറയുവാനോ ആയിട്ടല്ല ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്നു് ഒരിക്കൽകൂടി പറഞ്ഞുകൊള്ളുന്നു. സമുദായപ്രാതിനിദ്ധ്യവാദത്തിൻറെ ന്യായതയെ ഈ സഭയേയും ഗവൺമെൻറിനേയും ബോദ്ധ്യപ്പെടുത്തണമെന്നുള്ളതാണു് എൻറെ ഉദ്ദേശം. ചട്ടമൊന്നുംകൂടാതെ തന്നെ നീതിബോധമുള്ള വകുപ്പദ്ധ്യക്ഷന്മാർ കാര്യങ്ങൾ വേണ്ടപോലെ നടത്തുമെന്നു് ഇന്നു ഗവൺമെൻറ ഭാഗത്തുനിന്നും പുറപ്പെടുവിച്ച അഭിപ്രായം പ്രായോഗികമല്ല. നിയമന വിഷയത്തിൽ നിശ്ചിതമായ ഒരു ചട്ടമോ നിയമമോ ഇല്ലാത്തപക്ഷം ഏതു നിഷ്പക്ഷപാതിയായാലും സാഹചര്യങ്ങളുടെ ശക്തികൊണ്ടു് ചിലപ്പോൾ നിയമനാധികാരി വഴി തെറ്റിപ്പോയേക്കുമെന്നു്, കഴിഞ്ഞമകരം 30-ാംനു- ദിവാൻ പേഷ്ക്കാരും തഹസീൽദാരന്മാരും പ്രസിദ്ധീകരിച്ചിരിക്കുന്ന നിയമനപ്പട്ടികയിൽനിന്നു് ഏറ്റക്കുറച്ചിൽ അനുമാനിക്കാമെന്നാണു് എൻറ പക്ഷം. ആകപ്പാടെ ദിവാൻ പേഷ്ക്കാർ 27 നിയമനങ്ങൾ നടത്തിയതിൽ പതിനഞ്ചും ഏകജാതി മതക്കാരാണെന്നു കാണുന്നതിൻറെ അർത്ഥം എന്താണു്? അതുപോലെ തഹസീൽദാർ നടത്തിയ 9 നിയമനങ്ങളിൽ ഏഴും ഏകജാതി മതക്കാർ തന്നെ. ഇതു് എങ്ങിനെ വന്നു? ഗസറിൽ പ്രസി

LIBRARY ARCHIVES Kerala Legislative Assembly

ദ്ധപ്പെട്ടത്തിയിരിക്കുന്ന ഈ കാസ്റ്റ്വാർ സ്റ്റോറുമെൻറ് വസ്തീയപക്ഷ പാതത്തിനു് ഒരു ലക്ഷ്യമായി ആക്ഷേപം ഉദ്ധരിക്കാവുന്നതാണു്. ഇതിൽ എന്തോ രഹസ്യം ഉണ്ടെന്നു കണ്ടതുകൊണ്ടാണു് ഈ ഉപക്ഷേപം അവതരിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്.

ദിവാൻ പേഷ്കാർ തന്റെ നിലയെ ന്യായവും നിയമവും പറഞ്ഞുനീതികരിക്കുവാൻ പ്രാപ്തിയുള്ള ഒരാളാണു്. എന്റെവാദങ്ങളെ എതുതരത്തിലും ശിഥിലീകരിക്കുവാൻ അദ്ദേഹത്തിനു കഴിയുമെന്നും എനിക്കറിയാം. ചീഫ് സിക്രട്ടി സമർത്ഥനായ ഒരു വക്കീലെന്നു ഖ്യാതി സമ്പാദിച്ച ദേഹവുമാണു്. എന്റെ വാദങ്ങളെല്ലാം തീരെ നിസ്സാരങ്ങളാക്കുന്നതിനു് അദ്ദേഹത്തിനും പ്രാപ്തിയുണ്ടു്. ന്യായത്തെ അന്യായമാക്കുവാനും അന്യായത്തെ ന്യായമാക്കുവാനും കഴിവുള്ളവർ എന്റെ വാദങ്ങളെ ഖണ്ഡിക്കാൻ പല എതിർ ന്യായങ്ങളുംകൊണ്ടു വരുമായിരിക്കാം. എങ്ങിനെയായാലും റവന്യൂ ഡിപ്പാർട്ടുമെൻറുപോലെ ഏകജാതിമയമുള്ള ഒരു വകുപ്പു് കൊച്ചി സംസ്ഥാനത്തു വേറെയില്ലെന്നുള്ള പരമാർത്ഥം ആരു മറച്ചുവെച്ചാലും മായുന്നതല്ല. സിവിൽലിസ്റ്റു നോക്കിയാൽ അതു ഏകദേശമറിയാം. ഇപ്പോൾ ആ നില കുറേശ്ശ ഭേദപ്പെട്ടു വരുന്നുണ്ടു്. ഈ നിയമസഭയുടെ ആരംഭകാലത്തു് ഈ സംഗതിയെക്കുറിച്ചു് ഒരു ഉപക്ഷേപം കൊണ്ടുവരികയും റവന്യൂ ഡിപ്പാർട്ടുമെൻറ് ഏകജാതിമയമാണെന്നു തെളിയിക്കുകയും ചെയ്തതു് വിസ്മരിക്കപ്പെട്ടിട്ടില്ലെന്നു വിശ്വസിക്കുന്നു. അങ്ങിനെയുള്ള ഒരു വകുപ്പിൽ വീണ്ടും ഒരേ ജാതിക്കാരെത്തന്നെ അധികമധികം നിയമിക്കുന്നതു് ആക്ഷേപകരമാണെന്നു് വിശേഷിച്ചു പറയണമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ:— ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു ഈ വിഷയത്തെസംബന്ധിച്ചു് ഞാനും ഒരു ഉപക്ഷേപം അയച്ചിട്ടുണ്ടു്. ഒരു വക്കീലി ന നല്ല വക്കീലാണെന്നു പറയണമെങ്കിൽ ഉള്ളതിനെ ഇല്ലാതാക്കുവാനും ഇല്ലാത്തതിനെ ഉണ്ടാക്കുവാനും കഴിവുള്ള ആളായിരിക്കണം. അങ്ങിനെയുള്ള ഒരാളാണെന്നു ഖ്യാതി നേടിയ മഹാനാണു് നമ്മുടെ ബഹുമാനപ്പെട്ട റവന്യൂമെമ്പർ. അദ്ദേഹം ദിവാൻപേഷ്കാരായതിനുശേഷം റവന്യൂ ഡിപ്പാർട്ടുമെൻറിൽ നടത്തീട്ടുള്ള നിയമനങ്ങളെസംബന്ധിച്ചുള്ള കാസ്റ്റവാർസ്റ്റോറുമെൻറ പബ്ലിഷ് ചെയ്തതു് ഈ ഇടക്കാലത്തെ മാത്രമാണു്. അതും എല്ലാ നിയമനാധികാരികളും 3-ാം കാറ്റഗിരിലെ കാസ്റ്റ്വാർസ്റ്റോറുമെണ്ടു പരസ്യപ്പെടുത്തിയപ്പോൾ അദ്ദേഹം 2-ാം കാറ്റഗിരിലെയാണു പരസ്യപ്പെടുത്തിക്കാണുന്നതു്. ആ ഡിപ്പാർട്ടുമെൻറിൽ അദ്ദേഹം സ്വന്തമായിട്ടു നടത്തിയ 27 നിയമനങ്ങളും, തഹശീൽദാർ നടത്തിയ 6 നിയമനങ്ങളും ഉൾപ്പെടെ 33 നിയമനങ്ങളിൽ ഈഴവരിൽനിന്നും ഒരാളെമാത്രമേ വച്ചിട്ടുള്ളു. നിയമന

LIBRARY ARCHIVES Kerala Legislative Assembly

സംഗതികളിൽ ഇതുപോലെയുള്ള പലസംഗതികളും ആ ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് എനിയ്ക്കു പറയുവാനുണ്ട്. എന്നാൽ അതൊന്നും ഈ ഹൌസു മുമ്പാകെവച്ച് ഞാൻ പരസ്യപ്പെടുത്തുന്നില്ല. കാസാറവാർസ്റ്റോറുമൻറു പരസ്യപ്പെടുത്തണമെന്ന നിയമം വന്നതുതന്നെ ഇത്തരം നിയമനാധികാരികളുടെ ഈവക ദുർഭരണംകൊണ്ടാണെന്നു പ്രത്യേകം പറയേണ്ടതില്ല. ആ നിയമം വന്നതുമുതൽ ചില ഉദ്യോഗസ്ഥന്മാരെല്ലാം അവരുടെ സ്വാതന്ത്ര്യം മുഴുവൻ പൂർത്തീകരിക്കാൻ സാധിക്കാതെ വളരെ കഷ്ടത്തിലായിട്ടുണ്ട്. നിയമനാധികാരികൾ അനുവർത്തിച്ചുവരുന്ന അനുകമ്പാരഹിതവും അനുഭാവരാഹിത്യവും സ്വസമുദായത്തോടുൾപ്പെടെ പ്രകടമായിനിയമനങ്ങൾമൂലം അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങൾക്കു് ഒന്നും കിട്ടാതെവന്നതുകൊണ്ടാണ് പബ്ലിക്കു സർവ്വീസുകമ്മിഷൻ എടുപ്പിട്ടതെന്നു ഗവൺമെണ്ടിനോടു് അവർ വാദിക്കാനും അപേക്ഷിക്കാനും തുടങ്ങിയതു്. എന്നാൽ നിയമനാധികാരംനഷ്ടപ്പെടുന്ന പബ്ലിക്കു സർവ്വീസുകമ്മീഷൻ എടുപ്പിട്ടതുന്ന സംഗതിയിൽ മറെറ നിയമനാധികാരികളേക്കാൾ വളരെ ശക്തിയായി അതിനെ അദ്ദേഹം എതിർക്കുമെന്നു് എനിയ്ക്കറിയാം. അതുപോലെതന്നെ ഇവിടത്തെ ഉദ്യോഗനിയമനകുത്തകയെ കൈവശംവച്ചുകൊണ്ടിരിയ്ക്കുന്ന മറവുള്ള ഉദ്യോഗസ്ഥന്മാരും എതിർക്കാതിരിയ്ക്കയില്ല. അവർക്കുള്ള ഈ കുത്തക അധികാരം പോകുമല്ലോ എന്നുള്ള ഭയംകൊണ്ടാണ് അവർ എതിർക്കുന്നതു്. അവരുടെ എതിർപ്പുകളേയും വിസമ്മതത്തേയും കാത്ത് അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങളുടെ പരിരക്ഷക്കു പര്യാപ്തമായ ഒരു പദ്ധതി രൂപീകരിക്കാത്തപക്ഷം രാഷ്ട്രീയമായി അവശതകൾ അനുഭവിക്കുന്ന സമുദായങ്ങൾക്കു് ഉദ്യോഗം സ്വപ്നതുല്യമാകാനേ തരമുള്ളൂ. അങ്ങിനെ വരുമ്പോൾ അവരിൽ അന്തർലീനമായികിടക്കുന്ന ചില ശക്തികളുടെ പ്രവൃത്തികൾ കുറേശ്ശ കുറേശ്ശയായി പുറത്തുവരാതിരിക്കയില്ല. അതുകൊണ്ട് ഈ സംഗതിയ്ക്കു യാതൊരു നിയമവും വഴിയും ഇല്ലാതാക്കി അവരെ ബുദ്ധിമുട്ടിച്ചു് ഉറങ്ങിക്കിടക്കുന്ന സാധുക്കളായ സിംഹക്കുട്ടികളെ ഉണർത്തരുതേ എന്നാണു ഞാൻ അപേക്ഷിയ്ക്കുന്നതു്.

റവന്യൂഡിപ്പാർട്ടുമെൻറിൽ പാവപ്പെട്ടകുടിയാന്മാരെ നിയമിയ്ക്കുന്ന കാര്യത്തിൽ ബ്രിട്ടീഷിൽ നടപ്പിലിരിക്കുന്നതുപോലെ പാരമ്പര്യംവഴിയ്ക്കുകൊണ്ടുവരുന്നനയം ഇവിടെയും അധികാരികൾ പകർത്തുവാൻ ആലോചനയുണ്ടത്രേ! ബ്രിട്ടീഷിൻഡ്യയിലെ നടപടികളനുസരിച്ച് ഇവിടെയും വേണമെന്നുദ്ദേശമുണ്ടെങ്കിൽ—സുപ്രസിദ്ധ അബ്രാഹ്മണനേതാവായ Dr. T. M. Nair പാർലിമെൻറു മുതലായ അധികാരസ്ഥലങ്ങളിൽ വേണ്ട പ്രക്ഷോഭണം നടത്തി അവിടത്തെ ഗവൺമെണ്ടിനെക്കൊണ്ടു പബ്ലിക്കുസർവ്വീസുകമ്മീഷൻ നിർബ്ബന്ധിതമായി എടുപ്പിട്ടതുപോലെ ഇവിടെയും എടുപ്പിട്ട.

LIBRARY ARCHIVES Kerala Legislative Assembly

ന്തരുതോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരു പരിചിതകാലത്തേക്കു ഗവൺമെന്റ് സർവീസിൽ അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങൾക്കു മാത്രമേ പുതിയ ഉദ്യോഗങ്ങൾ കൊടുക്കാവൂ എന്നാണ് മദ്രാസിൽ ആദ്യമായി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തിയപ്പോൾ തന്നെ ചെയ്യുവച്ച വ്യവസ്ഥകൾ. ഇവിടെ അതുപോലെയുള്ള ഒരു പബ്ലിക്കുസർവ്വീസുകമ്മീഷൻ ഉടനെ നടപ്പിൽ വരുത്തുവാൻ സാധിക്കുകയില്ലെങ്കിൽ അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങൾക്കു് ജനസംഖ്യാനുപാതികമായ അവകാശം ലഭിക്കത്തക്കവിധം ഉണ്ടാക്കിയാലും മതിയെന്നാണ് ഞങ്ങളാവശ്യപ്പെടുന്നത്. എട്ടിലെ പുല്ലുതിന്നുന്ന പശുക്കളാണ് അവശസമുദായങ്ങൾ. അങ്ങിനെയുള്ളവർക്കു കൃത്രിമമായ നിയമംമൂലം മുൻഗണന കൊടുക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. അല്ലെങ്കിൽ ഞങ്ങൾക്കു യാതൊരു രക്ഷയും ഉണ്ടാവുന്നതല്ല. ഇതിനു് ഗവൺമെൻറിൽനിന്നും ഒരു പരിഹാരമുണ്ടാക്കണം. ഈ രാജ്യത്തിലെ ഏറ്റവും രാജഭക്തന്മാരായ പ്രജകളാണ് ഞങ്ങളും എന്ന വിചാരം ഗവൺമെൻറിനുണ്ടാകണം. നിയമനാധികാരികളുടെ ഇപ്പോഴത്തെ മുരണ്ടിച്ച മനോഭാവം മുഴുവൻ മാറണം. ഗവൺമെൻറിന്റെ മനോഭാവം അതാതുസമയത്തു മാറിക്കൊണ്ടാണിരിക്കുന്നതു്. അതുപോലെ ഈ നിയമനസംഗതിയിലും അവരുടെ ഇപ്പോഴത്തെ മനോഭാവംകൂടി കുറെ മാറുവാൻ ശ്രമിക്കുക.

ഇനി എന്റെ കട്ടമോഷൻ ഇവിടെ അവതരിപ്പിക്കാതെ കഴിക്കുവാൻവേണ്ടി ചില സംഗതികൾകൂടി പറയാം. റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഈഴവരിൽനിന്നു് ഒരു താസിൽദാർ ഇല്ലെന്നുള്ള ന്യൂനത പരിഹരിക്കുവാൻവേണ്ടി ആരോ ഒറ്റ കാരണം പറഞ്ഞുകൊണ്ടു് ഒരു ബി. എ ക്കാരനായ ഈഴവനെ പ്രൊബേഷനറി ആയി എടുത്തു് ടെയിനിംഗ് കഴിപ്പിച്ചു. അയാൾക്കു് ഒരു താസിൽദാരാവാനുള്ള സകല യോഗ്യതകളും, അതായതു് ഗവൺമെണ്ടിന്റെ വ്യവസ്ഥകളനുസരിച്ചുള്ള സകല യോഗ്യതകളും സിദ്ധിച്ചതായും അധികൃതന്മാർക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അങ്ങനെയുണ്ടു് ടെസ്റ്റും, റവന്യൂ ടെസ്റ്റും, സർവ്വേ ടെയിനിംഗും ഇതെല്ലാം പാസായി വളരെകാലം റവന്യൂ ഇൻസ്പെക്ടരായിരുന്നിട്ടുള്ള ആളാണദ്ദേഹം. ഭിവാൻ പേഷ്കാരാഫീസ്സ് ക്ലർക്കായും സ്റ്റോറ് സൂപ്രണ്ടായും വളരെനാൾ അദ്ദേഹം ജോലി നോക്കീട്ടുണ്ടു്. പരീക്ഷായോഗ്യതയെല്ലാമുണ്ടെങ്കിലും ചോവനായതുകൊണ്ടു് അയാൾക്കു തഹസിൽദാരാകുവാൻ പാടില്ല എന്നാണ് ഇപ്പോൾ അനുഭവപ്പെട്ടതു്. റവന്യൂ ഡിപ്പാർട്ടുമെണ്ടും ദേവസ്വം ഡിപ്പാർട്ടുമെണ്ടും കണ്ണായ്മകൊണ്ടു് അവർണ്ണർക്കു് ആ വകുപ്പിൽ പ്രവേശനം ഇല്ലാതിരുന്നതിനെ പരിഹരിച്ചു് എല്ലാജാതി മതസ്ഥർക്കും പ്രവേശനം കൊടുക്കേണ്ടതാണ് എന്നു വിചാരിച്ചാണ് മുമ്പു് ദിവാനായിരുന്ന ബാനർജി റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും ദേവസ്വത്തെ വേർതിരിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ റവന്യൂ വകുപ്പിൽ ഒരു ഈഴവനെ താസിൽദാരാക്കണമെന്നാഗ്രഹിക്കുന്നു. ഈ ദേശത്തോടുകൂടിയാണ് അന്നു് ദിവാൻ പേഷ്ക്കാരായിരുന്ന ഒരു ബ്രാഹ്മണൻ ഒരു ബി. എ ക്കാരനായ ഈഴവനെ പ്രൊബേഷനറിയായി എടുത്തു് സകല പരിഗിലനവും കഴിച്ചു നിയമിച്ചിരിക്കുന്നതു്. താസിൽദാരന്മാരുടെ പല ഒഴിവുകൾ ഉണ്ടായിട്ടും അയാൾക്കു കൊടുത്തിട്ടില്ല. ഒരിക്കൽ ദിവാൻ പേഷ്ക്കാർ അവർകൾ ശുപാശ ചെയ്തിരുന്നതായി കേട്ടിട്ടുണ്ടു്. എന്നിട്ടും ഫലപ്രദമായില്ല. ആ വക ഒഴിവുകളിലേക്കു ഗവൺമെണ്ടിലെ നിശ്ചയപ്രകാരം ഒരു താസിൽദാർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ യാതൊന്നും ഇല്ലാത്തവരെ മറ്റു പല വകുപ്പുകളിൽനിന്നും ഇറക്കുമതി ചെയ്തയാണുണ്ടായതു്. അർഹതയുള്ളവരുള്ളപ്പോൾ അനർഹരെ നിയമിക്കുന്നതു് ഒരിക്കലും ആശാസ്യമല്ല.

അതുകൊണ്ടു ഗവൺമെൻറു ദയവുചെയ്തു് അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങൾക്കു് ജനസംഖ്യാനുപാതീകമായ സമുദായ പ്രാതിനിദ്ധ്യം ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയുള്ള ഒരു നിയമം ഉടനെ നടപ്പിലാക്കണമെന്നാപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

Mr. Shabdai S. Koder:—Sir, I rise to support this motion. The Hon'ble Secretary to Government remarked this morning that instructions have been issued and were being followed by the Heads of Departments in matters of communal appointments. I am sorry to challenge that statement (Hear, hear). As far as my community is concerned I know personally that instructions to the Heads of Departments were issued by the successive Diwans only to be observed in their breach than in their observance. I remarked in my budget speech the other day that though there were qualified applicants including graduates, not a single Jew was entertained in the service and I fear a similar fate has been the case of the other unrepresented communities as well. But being optimistic by nature, I take it, that the complete reorganisation of the Huzur will be followed by a complete change of hearts.

മിസ്റ്റർ വി. കെ. കുട്ടി:—സർ, രാജ്യത്തിലെ വിവിധസമുദായക്കാരും മതക്കാരുമായ ജനങ്ങൾ തമ്മിൽ സ്പർദ്ധയും, വൈരവും ഉണ്ടാകുന്നതായ ഉദ്യോഗവിതരണ കാര്യത്തെ സംബന്ധിച്ചു് ഖണ്ഡിതമായ വ്യവസ്ഥകളോടുകൂടി ഒരു പരിപാടിയുണ്ടാക്കണമെന്നുള്ള അർത്ഥത്തിൽ ജനറൽ അഡ്മിനിസ്ട്രേഷനിൽ ഞാൻ ഒരു കട്ടമോഷൻ അയച്ചിരുന്നു. നിർഭാഗ്യവശാൽ അതു് ഇന്നുവരെ ഇവിടെ എടുക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു് സമുദായ പ്രാതിനിദ്ധ്യം ഉണ്ടാകത്തക്കനിലയിൽ സ്റ്റേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമം ഉണ്ടാക്കണമെന്നുള്ള ആദ്യത്തിനുവേണ്ടി ഞാൻ ഈ ഉപ
ക്ഷേപത്തെ അനുകൂലിയ്ക്കുന്നു.

നിയമനങ്ങൾ ഇതിനുമുമ്പു് ഇവിടെ പലതും കഴിഞ്ഞിട്ടുണ്ടു്. പക്ഷെ അതൊന്നും ഇവിടെ എടുത്തുപറയുവാൻ ഞാൻ വിചാരിയ്ക്കുന്നില്ല. ഞങ്ങളുടെ ഒരു സമുദായം ഈ രാജ്യത്തുണ്ടു്. പക്ഷെ ഇതിനുമുമ്പുണ്ടായ ഉദ്യോഗവിതരണകാര്യത്തിൽ ഞങ്ങളുടെ അനുഭവംവച്ചു നോക്കുമ്പോൾ ചിലക്കാക്കു ഉദ്യോഗംകൊടുത്തിട്ടുണ്ടെങ്കിലും വളരെപേർ ബി. എ. യും അതിൽ കൂടുതലും ഉള്ള പരീക്ഷകൾ പാസായിട്ടും ഇവിടെ യാതൊരു പ്രോത്സാഹനവും കിട്ടാതെ വിദേശങ്ങളിൽപോയി അഭയംപ്രാപിയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ഈ സംഗതിയെക്കുറിച്ചു് ഞാൻ മിനിഞ്ഞാന്നത്തെ എന്റെ ബഡ്ജറ്റുപ്രസംഗത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. ആ സംഗതികളെ ഒന്നുകൂടി ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടെ ദൃഷ്ടിയിൽ കൊണ്ടുവരുകയാണു് എന്റെ ഈ പ്രസംഗത്തിന്റെ പ്രധാന ഉദ്ദേശം. ഉദ്യോഗനിയമനവിഷയത്തിൽ സാമുദായികപ്രാതിനിദ്ധ്യംകൂടി നോക്കുകയാണെങ്കിൽ ഈ രാജ്യത്തുള്ള സകല കുഴപ്പങ്ങളും നീങ്ങുമെന്നുദ്ദേശിയ്ക്കാം. സമുദായങ്ങൾ തമ്മിലും സമുദായങ്ങളും ഗവൺമെന്റും തമ്മിലും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന എല്ലാ കുഴപ്പങ്ങളും അവസാനിയ്ക്കുകയും ചെയ്യും. ഈ രാജ്യത്തു് ഭരണംനടത്തുവാനും വിഷമമുണ്ടാകയില്ല. ഇങ്ങിനെയുള്ള കാര്യങ്ങളെ ആശ്രയിച്ചാണു് സാമുദായികപ്രാതിനിദ്ധ്യസംബന്ധമായ ഒരു നിയമനപരിപാടി ഗവൺമെന്റു് അംഗീകരിക്കണമെന്നു ഞാൻ പറയുന്നതു്.

ഏതായാലും ഇവിടെ കൂടുതൽ സംസാരിയ്ക്കുവാനുള്ള സമയമില്ല. ഈ വിഷയത്തെപ്പറ്റി പലരും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ രാജ്യത്തെ മുസ്ലീം സമുദായം വളരെ ശാന്തമായി ജീവിച്ചുവരുന്ന ഒരു സമുദായമാണു്. ഈ നയം ഗവൺമെന്റു് ഇനിയും തുടർന്നുകൊണ്ടുപോകുന്നതായാൽ ഞങ്ങൾക്കു് വേറെ രാജ്യത്തുപോയി ജീവിയ്ക്കുവാൻ സാധിയ്ക്കയില്ല. ഗവൺമെന്റിന്റെ നേരെ ശത്രുതിയായി പ്രവൃത്തിയ്ക്കേണ്ടിവരും. അതുകൊണ്ടു് ഈ കാര്യത്തിൽ മേലാലെങ്കിലും ഗവൺമെന്റു് ശ്രദ്ധപതിപ്പിക്കണമെന്ന അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ:—സർ, ഈ ഉപക്ഷേപം ഇവിടെ സമുദായ സ്പർദ്ധ വർദ്ധിയ്ക്കുവാൻ വേണ്ടി കൊണ്ടുവരുന്നതാണെന്നു വിചാരിച്ചു ഗവൺമെന്റു ഭയപ്പെടരുതെന്നപേക്ഷിയ്ക്കുവാനാണു് ഞാൻ എണീറ്റിട്ടുള്ളതു്. അനുദ്യോഗസ്ഥപക്ഷത്തെ സംബന്ധിച്ചിടത്തോളം—ഇപ്പോൾ സർവ്വീസിൽ അമിതപ്രാതിനിദ്ധ്യം അനുഭവിയ്ക്കുന്നവരെന്നു പറയപ്പെടാവുന്ന സമുദായങ്ങളിൽപ്പെട്ട ഭൂരിപക്ഷം അംഗങ്ങൾ പ്രാതിനിദ്ധ്യമില്ലാത്ത സ

LIBRARY ARCHIVES Kerala Legislative Assembly

മുദായക്കാക്കു ന്യായമായ പ്രാതിനിദ്ധ്യം കൊടുക്കുന്ന കാര്യത്തിൽ പ്രാതിനിദ്ധ്യത്തിനുവേണ്ടി വാദിയ്ക്കുന്നവരായ ഞങ്ങളോടു് യോജിക്കുന്നുണ്ടെന്നു ഞാൻ ഗവൺമെൻറിനെ അറിയിയ്ക്കുന്നു. അതുപോലെ തന്നെ ഗവൺമെൻറു ഭാഗത്തുള്ള നിയമനാധികാരികളായ ഉദ്യോഗസ്ഥന്മാരെപറ്റി ഞങ്ങൾക്കു വിരോധമുണ്ടെന്നു തെറ്റിദ്ധരിയ്ക്കരുതെന്നു പറയുവാൻ വേണ്ടിയും ഈ അവസരം ഉപയോഗപ്പെടുത്തുന്നു. നിയമനങ്ങളെല്ലാം നടത്തുന്നതു് കാരോന്നായിട്ടാണു്. ഒഴിക്കാൻ പാടില്ലാത്ത ഒരു സ്റ്റേറിമൻ പറഞ്ഞിട്ടു കരാളെ വെച്ചുവന്നു വരും. കരാറിനു് 25 വയസ്സു കഴിയാറായി അതു കൊണ്ടു് ഒഴിച്ചുവിടാൻ നിവൃത്തിയില്ലാതെ അയാളെ വച്ചു എന്നു വരാം. ഇങ്ങിനെ കാരോന്നായിവച്ചു് ഒടുവിൽ കണക്കു നോക്കുമ്പോൾ പേഷ്ക്കാർ വർഗക്കാരു പറഞ്ഞിയതുപോലെ 26-ൽ 18 പേരും സ്വന്തക്കാരായി പോകുന്നു. ഇതു് മനഃപൂർവ്വമാണെന്നു് എനിയ്ക്കു വിശ്വാസമില്ല. മറ്റു സകല കാര്യങ്ങളിലും ന്യായസ്ഥന്മാരും യോഗ്യന്മാരുമായ ആളുകൾ സർവ്വീസു നിയമനകാര്യത്തിൽ വഷളന്മാരാണെന്നു തെറ്റിദ്ധരിയ്ക്കുവാനുള്ള വിവരക്കേടു ഞങ്ങൾക്കില്ലെന്നു് ആദ്യമേ പറഞ്ഞുകൊള്ളുന്നു. ഈ നിശ്ചയം അവതരിപ്പിച്ച മാന്യൻ പറയുന്നതുപോലെ ഇതു് ഒരു സമുദായ വാദമല്ല; ദേശീയ വാദമാണു്. ഇൻഡ്യയിൽ ദേശീയമെന്തെന്നുള്ളതു തെറ്റിദ്ധരിച്ചിരിയ്ക്കുന്നു. ദേശം എന്നു പറഞ്ഞാൽ മലയോ കാടോ മറ്റൊന്നുമല്ല; അവിടത്തെ ജനങ്ങൾ എന്നാണു അതിനർത്ഥം. ഈ ജനങ്ങളെല്ലാം ഭിന്നഭാഗങ്ങളായി നില്ക്കുന്നു. എന്തോനിർഭാഗ്യവശാൽ ചിലർ ബ്രഹ്മാവിൻറെ മുഖത്തുനിന്നും, ചിലർ കാലിൽനിന്നും ചാടിവന്നുവെന്നുള്ള അന്ധവിശ്വാസത്തോടുകൂടി ഭിന്നസമുദായങ്ങളായി നില്ക്കുന്നു. വേറെ ചിലർ മതങ്ങളുംകൊണ്ടു ഭിന്ന വിഭാഗങ്ങളായി നില്ക്കുന്നു. ഇതിനു നമ്മളാരും തന്നെ കുറ്റക്കാരല്ല. ചരിത്രപരമായ കാരണങ്ങളാൽ ഇപ്രകാരം ജനങ്ങൾ ഭിന്നകക്ഷികളായി തീർന്നു. യഥാർത്ഥമായ ദേശീയത്വം സ്ഥാപിയ്ക്കണമെന്നുണ്ടെങ്കിൽ, യഥാർത്ഥ ദേശീയ ഭവനത്തിനു് അടിസ്ഥാനമിടണമെന്നുണ്ടെങ്കിൽ എല്ലാവിഭാഗങ്ങളേയും മുന്നോട്ടുകൊണ്ടു വരുവാനുള്ള ഒരു കാര്യപരിപാടി ഗവൺമെൻറുകളെല്ലാം സ്വീകരിയ്ക്കണം.

പിന്നെ ടഷറി ബഞ്ചു പറയുന്നതുപോലെയുള്ള നമ്പരുകൾ പറഞ്ഞാലൊന്നും ഞങ്ങൾ വിശ്വസിയ്ക്കുകയില്ല. അവയ്ക്കു പല ന്യായങ്ങളും ഇതിലേയ്ക്കു പറയുവാനുണ്ടാകുമെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ നിശ്ചയത്തെ ലാമെമ്പറും സിക്രട്ടറി അവർകളും മറ്റു മെമ്പർമാരെല്ലാം കൂടിയാലും എതിർക്കുവാൻ സാധിയ്ക്കുകയില്ല.

ഇനി സിക്രട്ടറി അവർകൾ ഒരു നമ്പർ പറഞ്ഞു. നമ്പർ എന്നു പറഞ്ഞതു് നമ്പർ എന്നുള്ള അർത്ഥത്തിലല്ല-അദ്ദേഹം അദ്ദേഹത്തിനുവേണ്ടിയോ സ്വന്തക്കാർക്കു വേണ്ടിയോ നമ്പർ പറയാത്ത ആളാണു്. ഗവൺമെൻറിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടീട്ടാണ നുണ പറയുന്നതു. ഗവൺമെന്റു കൊടുത്തിട്ടുള്ള ഇൻസ്ട്രക്ഷൻ പ്രകാരം എല്ലാഡിപ്പാർട്ടുമെൻറു മേധാവികളും പറയാതെ തരമില്ല. നുണ പറഞ്ഞു എന്നു പറഞ്ഞതു ഞാൻ പിൻവലിക്കുന്നു. അദ്ദേഹം അപരമാർത്ഥം അറിഞ്ഞുകൊണ്ടു പറഞ്ഞു എന്നൊന്നു പറയുന്നുള്ളു.

മിസ്റ്റർ പി. കുമാരപിള്ള:—വാസ്തവക്കേട്ടു.

മിസ്റ്റർ കെ. അയ്യപ്പൻ:—അല്ലെങ്കിൽ സത്യവിരോധം എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അതു പറയാതെ നിവൃത്തിയില്ല.

നമ്മുടെ രാജ്യത്തു ഈ സംബന്ധമായുള്ള വഴക്കുപോകണമെങ്കിൽ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരെക്കൊണ്ടു ന്യായം ചെയ്യിക്കണം. കാസ്റ്റു വാർ സ്റ്റാറ്റുമെൻറു ഗസറ്റിൽ പബ്ലിഷു ചെയ്യണമെന്നു ഒരു റസല്യൂഷൻകൊണ്ടുവന്നതു ഞാനാണു. കാസ്റ്റുവാർ ലിസ്റ്റുകളിൽ സമുദായപക്ഷപാതം കണ്ടാൽ ഗവർമ്മെൻറു സമാധാനം ചോദിക്കേണ്ടതാണു. എന്നാൽ സിക്രട്ടറിയേറ്റു ആ വിഷയത്തിൽ എന്തു ചെയ്തു? ഈ വകുപ്പു നീതികേടു കണ്ടു കഴിഞ്ഞാൽ ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥന്മാരെ വിളിച്ചു ഈ അന്യായത്തിനു സമാധാനം ചോദിച്ചിരുന്നുവെങ്കിൽ ഇപ്പോഴത്തെ മാതിരി ഗവർമെൻറു ഈ അനുദ്യോഗസ്ഥപക്ഷത്തിന്റെ ആക്ഷേപത്തിനു ഇരയാകുമായിരുന്നുവോ?

ഇതിൽ എനിയ്ക്കു വേറെ ഒരു സംശയം കൂടിയുണ്ടു. ഇങ്ങിനെ ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥന്മാർ ചില ജാതിക്കാരെ വച്ചുകൊള്ളണമെന്നു ഗവർമ്മെൻറു കണ്ണടച്ചു അവരോടു പറഞ്ഞിട്ടില്ലേ എന്നു തോന്നിപ്പോകുന്നു. അതുകൊണ്ടു ഗവർമ്മെൻറിൽനിന്നും ഈ ഉദ്യോഗസ്ഥന്മാരെ ന്യായമായി നടത്തുമെന്നുള്ള വിശ്വാസം വച്ചുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ല. ഗവർമ്മെൻറിനെക്കൊണ്ടു ഇതെല്ലാം ചെയ്യിക്കുവാൻ സാധിക്കുമെന്നുള്ള ധിക്കാരബുദ്ധിയും എനിയ്ക്കില്ല. അതുകൊണ്ടു നിങ്ങൾക്കു ഇങ്ങിനെയുള്ള ശകാരം കേൾക്കാതിരിക്കണമെങ്കിൽ ഈ കാര്യത്തിൽ ന്യായം ചെയ്യാതെ നിവൃത്തിയില്ല. നിയമനങ്ങളിലെ സമുദായ പ്രാതിനിദ്ധ്യം എന്ന ഖണ്ഡിതമായ ചട്ടങ്ങൾ ഉണ്ടാക്കിയാൽ മാത്രമേ ഈ കാര്യത്തിലുള്ള വഴക്കിനു സ്വല്പമെങ്കിലും ശമനം ഉണ്ടാകയുള്ളു. ഈ സംഗതിയിൽ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരിൽനിന്നു അനുകൂലമായ അഭിപ്രായം കിട്ടുകയില്ല. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരെല്ലാം അവരവരുടെ ഭാവിയെ മറന്നുകളയും. ഒരു ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥനെപ്പറ്റി എല്ലാജനങ്ങൾക്കും ഇക്കാര്യത്തിൽ ബഹുമാനവും വിശ്വാസവും ഉണ്ടെന്നുവന്നാൽ, കൊച്ചിരാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ എത്ര വളരെകയറുവാൻ കഴിയുമോ അത്രയും

LIBRARY ARCHIVES Kerala Legislative Assembly

യുള്ള കഴിവുകൊണ്ടെന്നു തുറന്നു കിട്ടുമെന്നുള്ളതു് അവർ മറന്നു കളയുന്നു. ഈ വക കായ്യങ്ങളിൽ അവർ നിഷ്പക്ഷപാതികളായിരുന്നാൽ തീച്ചയായും അവക്കു സമുദായത്തിനും രാജ്യത്തിനു പൊതുവേയും ഗുണം ചെയ്യുവാൻ സാധിക്കും. ഇതിനു് അവക്കു ബുദ്ധിയുണ്ടാകണമെന്നും, ഉണ്ടായില്ലെങ്കിൽ ഉണ്ടാക്കുവാനുള്ള കരുത്തും ബുദ്ധിയും ഗവർമ്മെന്റു കാണിയ്ക്കണമെന്നുമാണു് ഞാൻ പറയുന്നതു്. ഞങ്ങളെ ഭിന്നിപ്പിക്കാമെന്നുവിചാരിക്കേണ്ട. ഞങ്ങൾ ഈ കാരണങ്ങൾ കൊണ്ടൊന്നും ഭിന്നിയ്ക്കയില്ല. ഇതുവരെ ഞങ്ങളെല്ലാവരും യോജിച്ചാണു നിന്നതു്. ഞങ്ങൾ ഈ കായ്യത്തിൽ ഇന്നും അങ്ങുമിങ്ങും ചില നീക്കുപോക്കുകൾ ചെയ്യുന്നുണ്ടു്.

